# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കരുംകുളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2019-2020**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തിരുവനന്തപുരം.-695001**

**ഇ-മെയിൽ: lfadtvm@yahoo.in**
**ഫോൺ : 0471-2331231**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATVM GP3/ 120 /2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 18/03/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരുംകുളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATVM GP3/ 120 /2022 തീയ്യതി: 18/03/2022

# തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശ്രീജ. കെ | ഡെപ്യൂട്ടി ഡയറക്ടർ | 15-12-2021 | 23-12-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|

| | |
|---|---|
| 15-12-2021 | 23-12-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ശോശാമ്മ എസ്, ഓഡിറ്റ് ഓഫീസർ
ശ്രീ അനിൽ കുമാർ ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ബിന്ദുലത ബി. പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജസ്റ്റിൻരാജ് റ്റി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ, രാജു എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജി അനിൽകുമാർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി. മേരി ഇനിഗോ | സെക്രട്ടറി | 01-04-2019 | 29-06-2019 |
| ശ്രീ. ഹരിൻബോസ് | സെക്രട്ടറി | 15-07-2019 | 01-11-2019 |
| ശ്രീ. സന്തോഷ് കുമാർ പി ബി | സെക്രട്ടറി | 02-11-2019 | 31-03-2020 |
| ശ്രീ. പ്രേംനിർമ്മൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 30-06-2019 | 14-07-2019 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. സുമിൽ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ. അരുൺ ജെ പ്രതാപ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ. റീനശാന്തം | മെഡിക്കൽഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ. റിയാസ് | മെഡിക്കൽഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീ. ഷിബു | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ലില്ലിബായ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.രാജപുഷ്പം | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ബിന്ദുകുമാരി | വി ഇ ഒ സർക്കിൾ സൌത്ത് | 01-04-2019 | 31-03-2020 |
| ശ്രീമതി. ഷീജ | വി ഇ ഒ സർക്കിൾ നോർത്ത് | 02-11-2019 | 31-03-2020 |
| ശ്രീമതി. സ്മിത രാജ് | വി ഇ ഒ സർക്കിൾ നോർത്ത് | 01-04-2019 | 01-11-2019 |
| ശ്രീ. പ്രേംനിർമ്മൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 02-01-2020 |

| | | | |
|---|---|---|---|
| ശ്രീ. അനിൽകുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 03-01-2020 | 31-03-2020 |
| ശ്രീമതി. വിമല ബായ് | എച്ച് എം | 01-04-2019 | 03-06-2019 |
| ശ്രീ. ജോയ് ജോസഫ് | എച്ച് എം | 04-06-2019 | 06-06-2019 |
| ശ്രീമതി. രതിദേവി അമ്മ | എച്ച് എം | 07-06-2019 | 31-03-2020 |
| ഡോ. സുനിത | മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. വിഷ്ണു എസ് രാജ് | മൽസ്യഭവൻ ഓഫീസർ | 01-04-2019 | 25-09-2019 |
| ശ്രീ. സി അനിൽകുമാർ | മൽസ്യഭവൻ ഓഫീസർ | 26-09-2019 | 22-11-2019 |
| ശ്രീ.കാർത്തികേയൻ | മൽസ്യഭവൻ ഓഫീസർ | 23-11-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികപത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു. | 1-2-1 |
| 3 | വാർഷിക ധനകാര്യപത്രിക | 1-2 |
| 4 | ഗ്രാന്റ് വിനിയോഗം | 1-3 |
| 5 | പദ്ധതി അവലോകനം | 1-4 |
| 6 | 2019-2020 സാമ്പത്തിക വർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു | 1-5 |
| 7 | പണം നീക്കിയിരിപ്പ് പരിശോധന | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 11 | ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ | 1-10 |
| 12 | സ്ഥാപന നികുതി പിരിച്ചെടുത്തിട്ടില്ല | 1-11 |
| 13 | റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല | 1-12 |
| 14 | വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് (Traders' List) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല | 1-13 |
| 15 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 1-14 |
| 16 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച | 1-15 |
| 17 | കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല | 1-16 |
| 18 | യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിലുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല | 1-17 |
| 19 | തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല | 1-18 |
| 20 | തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല | 1-19 |
| 21 | ജീവനക്കാരുടെ വിവരം സ്ഥാപനം വെളിപ്പെടുത്തിയിട്ടും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-20 |
| 22 | ലക്ഷക്കണക്കിനു രൂപയുടെ വരവു രേഖകൾ പരിശോധനയ്ക്ക് നൽകിയില്ല | 1-21 |
| 23 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല. 2096920/-രൂപ തടസ്സപ്പെടുത്തുന്നു. | 1-22 |
| 24 | ഔദ്യോഗിക അറിയിപ്പില്ലാതെ അക്കൌണ്ട് മാറി തുക നൽകി.കൈപ്പറ്റ് രസീത് ഹാജരാക്കണം. | 1-23 |
| 25 | പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-24 |

| | | |
|---|---|---|
| 26 | ചെലവ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല | 1-25 |
| 27 | വാഹന പരിപാലനത്തിലെ അപാകതകൾ | 1-26 |
| 28 | ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ | 1-27 |
| 29 | കരാർ ചമയ്ക്കാൻ താമസിച്ചതിന് പിഴ ഈടാക്കിയിട്ടില്ല | 1-28 |
| 30 | നിശ്ചിത കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല | 1-29 |
| 31 | മുദ്രപ്പത്രം പുറത്തിറക്കിയ തീയതിക്കു മുമ്പായി കരാർ ചമച്ചു; കരാറുകാരനെ പിഴയിൽ നിന്നും ഒഴിവാക്കി. | 1-30 |
| 32 | ഇന്റർലോക്ക് പ്രവൃത്തികൾക്ക് തുക അനുവദിക്കുന്നതിൽ അപാകത | 1-31 |
| 33 | എയ്റോബിക് ബിൻ സ്ഥാപിക്കൽ - അപാകങ്ങൾ - 1427951/- രൂപ ഗ്രാന്റിനത്തിൽ ചെലവ് - പദ്ധതി ലക്ഷ്യം നേടിയിട്ടില്ല. | 1-32 |
| 34 | തെരുവ് വിളക്ക് പരിപാലനം -ഉപകരണങ്ങൾ പൂർണമായും സ്ഥാപിച്ചില്ല-382468/-രൂപ തടസ്സപ്പെടുത്തുന്നു. | 1-33 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

12.02.19 ലെ 1(1) നമ്പർ തീരുമാനപ്രകാരം 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു. മുന്നിരിപ്പുൾപ്പെടെയുള്ള പ്രതീക്ഷിത വരവ് 31,86,66,688/- രൂപയും പ്രതീക്ഷിത ചെലവ് 30,58,51,443/-രൂപയുമാണ്. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 23.03.2020-ലെ നമ്പർ 1(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് പരിശോധിച്ചതിൽ കണ്ടെത്തിയ ചില അപാകതകൾ ചുവടെ ചേർക്കുന്നു

(എ)ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടാത്ത തുക ചെലവഴിക്കുന്നുണ്ടെങ്കിൽ അനുബന്ധ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് അവതരിപ്പിക്കേണ്ടതും തൊട്ടടുത്ത ഗ്രാമപഞ്ചായത്ത് യോഗത്തിൽ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ, ബജറ്റിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന ഇനത്തിന് മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഹെഡ് (ബജറ്റ് പ്രകാരം) | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2501003 | Agricultural Development Programs- General | 0 | 75,580/- |
| 2 | 2501013 | Agriculture And Related Sectors-tuber Crops- General | 0 | 18,281/- |

2. ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചു. ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നമ്പർ | ഹെഡ്(ബജറ്റ് പ്രകാരം) | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2502001 | Soil And Water Conservation-General | 50,000/- | 4,00,000/- |
| 2 | 2512002 | Public Health Programs | 6,50,000/- | 7,57,589/- |
| 3 | 2512009 | Sanitation-General | 5,00,000/- | 18,99,571/- |
| 4 | 2513007 | Welfare Programs For | 35,000/- | 97,500/- |

| | | | | |
|---|---|---|---|---|
| | | The Destitute-General | | |
| 5 | 2522005 | Foot Bridges-General | 12,00,000/- | 14,46,152/- |

3. 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ/ പരിഷ്ക്കരിച്ച ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ തുക ചെലവഴിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നമ്പർ | ഹെഡ് (ബജറ്റ് പ്രകാരം) | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2501004 | Agriculture & Related Sectors-Animal Husbandry | 2,00,000/- | 0 |
| 2 | 2501024 | Agriculture & Related Sectors-Integrator Crop Protection | 50,000/- | 0 |
| 3 | 2501031 | Animal Husbandry- Cow | 4,00,000/- | 0 |
| 4 | 2501035 | Animal Husbandry-Poultry | 1,00,000/- | 0 |
| 5 | 2501036 | Animal Husbandry-Broiler | 1,50,000/- | 0 |
| 6 | 2501041 | Animal Husbandry-Related Facility | 6,00,000/- | 0 |
| 7 | 2502003 | Flood Control | 1,00,000/- | 0 |

ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.13/21-ന് ലഭ്യമാക്കിയ മറുപടിയിൽ വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കും പ്രകാരം വരും വർഷങ്ങളിൽ ബഡ്ജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് വകയിരുത്തലുകൾക്ക് വ്യതിയാനം വരുന്ന പക്ഷം നടപടിക്രമങ്ങൾ കൃത്യമായും സമയബന്ധിതമായും പാലിക്കുനനതിന് ശ്രദ്ധിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2-1 വാർഷികപത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ കൂടുതൽചെലവ് ബുക്ക് ചെയ്തിരിക്കുന്നു. (വരവ് 93729339/- ചെലവ് 104484781/-)

2.വാർഷിക അനുപാതങ്ങൾ , നോട്ട്സ് ഓൺ അക്കൗണ്ട്സ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

3. ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

4) കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated (6216656)എന്നത് Net Increase/decrease In Cash And Cash Equivalents(3108298) ുമായി പൊരുത്തപ്പെടുന്നില്ല.

5) ബാലൻസ് ഷീറ്റ് ബി14 – Stock In Hand (Inventories) സ്റ്റോക്ക് മൂല്യനിർണയിച്ചിട്ടില്ല.

6. 2019-20 സാമ്പത്തിക വർഷത്തിൽ നടത്തിയ ഇ ടെണ്ടറിൽ നിന്നുള്ള ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടത്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിനു ലഭിക്കുവാനുള്ള തുകയായി വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

7. ഹഡ്കോ- 2019-20 ബഡ്ജറ്റ് വിഹിതമായി വികസനഫണ്ട് (ജനറൽ),വികസനഫണ്ട് (എസ്.സി.പി) എന്നീയിനങ്ങളിൽ അനുവദിച്ച തുകയിൽ Source Deduction -യി യഥാക്രമം 227941/-, 22059/- (250000/-) എന്നിങ്ങനെ തിരിച്ചടവുണ്ട്. എന്നാൽ പ്രസ്തുത തുകയ്ക്കാനുപാതികമായി പ്രോജക്ടുകൾ തയ്യാറാക്കുകയോ പ്രസ്തുത തുകയുടെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

8.ഹഡ്കോ- ലഭ്യമാക്കിയ ലോൺ രജിസ്റ്റർ പ്രകാരം31.03.2021-വരെ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക (10593943) വാർഷിക ധനകാര്യപത്രികയിലെ തുകയുമായി (9783943)പൊരുത്തപ്പെടുന്നില്ല. വായ്പ രജിസ്റ്റർ കാലികമാക്കാത്തതിനാൽ തൻവർഷം വായ്പായിനത്തിൽ ലഭ്യമായ തുക, തിരിച്ചടച്ച തുക, തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക എന്നിവയുടെ വിശദാംശങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

9. സ്ഥിരനിക്ഷേപം - അക്കൗണ്ട്സ് സ്റ്റേറ്റ്മെന്റ് (നം.6678818647) പ്രകാരം തൻവർഷം പലിശയിനത്തിൽ 305609/- രൂപ ലഭ്യമായിട്ടുണ്ട്.എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം 198420/- രൂപയാണ്. സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

10.സെക്രട്ടറിയുടെ ബിൽ ബുക്ക് പ്രകാരം 450000/- (ബിൽ നം-22/19-20 , 390000/- തീ-07.11.19, 23/19-20 -60000/- തീ-07.11.19,)വിവാഹധനസഹായമിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

പ്രസ്തുത തുക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

11.തൊഴിൽരഹിതവേതനമിനത്തിൽ ചുവടെ ചേർക്കുന്ന ബില്ലുകളിലൂടെ ആകെ 236640/- രൂപ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ വാർഷികകണക്കുകളിൽ പ്രസ്തുത ചെലവ് 142920/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ബിൽ നം. 10/24.08.2019 - 175440/-

49/03.03.2020 - 61200/-

12.വിവിധയിനങ്ങളിലെ ഡെപ്പോസിറ്റ് തുകകളുടെ സംക്ഷിപ്തം രേഖപ്പെടുത്തിയ ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

13. ഭരണസമിതി തീരുമാനമില്ലാതെ I-18 Prior Period Items – 280100101, 280100104 Property Tax On Residential Buildings, Property Tax On Non Residential Buildings എന്നീഹെഡുകളിൽ യഥാക്രമം 226849/-, 153804/-രൂപ കുറവു ചെയ്തിട്ടുണ്ട്.

14. മൂന്ന് മാസത്തിലധികമായി പണമാക്കാത്തതുമായ ചുവടെ ചേർക്കുന്ന ചെക്കുകൾ Liability In Respecct Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| ചെക്ക് നം | തീയതി | തുക |
|---|---|---|
| 936376 | 28.03.2019 | 500 |
| 586717 | 22.08.2019 | 1000 |
| 504417 | 03.06.2019 | 573 |
| 504442 | 06.06.2019 | 12495 |

15.വിവിധ ഫണ്ട് ഇനങ്ങളിൽ ലഭ്യമായ തുകകൾ എ.സി.ആർ, വാർഷിക ധനകാര്യപത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| | എ.സി.ആർ പ്രകാരമുള്ള തുക | വാർഷിക ധനകാര്യപത്രികയിലെ (RP-7) തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 19709624 | 19159348 |
| വികസനഫണ്ട് (എസ്.സി.പി) | 1394682 | 1357182 |
| സി.എഫ്.സി (അൺറ്റൈഡ്) | 8250061 | 6873394 |
| മെയിന്റെനൻസ് ഫണ്ട് (റോഡ്) | 14886448 | 12999832 |
| മെയിന്റെനൻസ് ഫണ്ട് (നോൺ-റോഡ്) | 4695558 | 3315707 |
| ജനറൽ പർപ്പസ് ഫണ്ട് | 2388182 | 13041159 |

16.Nationalised Bank -Own Fund 4 എന്ന അക്കൗണ്ടിൽ വാർഷിക ധനകാര്യപത്രികപ്രകാരം 6,721/-രൂപ നീക്കിയിരുപ്പ് ഉണ്ട്. പ്രസ്തുത അക്കൗണ്ടിന്റെ ബാങ്ക് പാസ്സ് ബുക്ക്, പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

17.സുലേഖ ചെലവ് പത്രികപ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിലെ ചെലവ് 1116172/-രൂപയാണ്.പ്രസ്തുതയിനത്തിലെ മുന്നിരിപ്പ്, വരവ്, ചെലവ് നീക്കിയിരുപ്പ് വിശദാംശങ്ങൾ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| വാർഷിക ധനകാര്യപത്രിക പ്രകാരം | | ചെലവ് (സുലേഖപ്രകാരം) | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | വരവ് | | നീക്കിയിരുപ്പ് |
| 21248 | 345300 | 1116172 | 26048 |

18.ICDS, ശുചിത്വമിഷൻ-വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വാർഷിക ധനകാര്യപത്രിക പ്രകാരം | | ആകെ | സുലേഖ പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|---|---|---|
| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | | ചെലവ് | നീക്കിയിരുപ്പ് |
| ഐ. സി. ഡി. എസ്. | 1036938 | 1066463 | 2103401 | 996012 | 1103789 |

| | | | | | |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 1475771 | 108000 | 1583771 | 934342 | 1081299 |

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി |
|---|---|
| 31.07.2020 | 18.06.2020 |

## 1-3 ഗ്രാന്റ് വിനിയോഗം

1. വിവിധ ഗ്രാന്റുകളുടെ എ.സി.ആർ പ്രകാരമുള്ള ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

| ഇനം | ചെലവ് തുക | |
|---|---|---|
| | എ.സി.ആർ പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| വികസന ഫണ്ട്(ജനറൽ)* | 19709624 | 21207765 |
| വികസന ഫണ്ട് (എസ്.സി.പി)** | 1394682 | 1416741 |
| സി.എഫ്.സി (Untied) | 8250061 | 6904512 |
| മെയിന്റെനൻസ് ഫണ്ട് (റോഡ്) | 14602487 | 13371603 |

* പ്രാദേശിക സർക്കാരുകൾക്ക് 3 ഗഡുക്കളായി സർക്കാർ അനുവദിക്കുന്ന തുകയിൽ ഉറവിടത്തിൽ നിന്നും കുറവു ചെയ്യേണ്ടുന്ന തുക ഉൾപ്പെടുത്തി പ്രോജക്ട് രൂപീകരിച്ചിട്ടില്ല. ആയതിനാൽ ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) പ്രകാരമുള്ള 2,27,941/- രൂപയുടെ വിവരം ധനകാര്യപത്രിക, സുലേഖ, എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

ജി.ഒ. പ്രോജക്ടായി ഉൾപ്പടുത്തിയ “345/20: 2018-19 അംഗനവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക" എന്ന പ്രോജക്ടിനായി ചെലവഴിച്ച 12,70,200/- രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

** സഉ(സാധാ)നം-10050/2019/ധന തീ- 21.12.2019 ഉത്തരവ് പ്രകാരം ലഭിച്ച 11,67,600/- രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

- പ്രാദേശിക സർക്കാരുകൾക്ക് 3 ഗഡുക്കളായി സർക്കാർ അനുവദിക്കുന്ന തുകയിൽ ഉറവിടത്തിൽ നിന്നും കുറവു ചെയ്യേണ്ടുന്ന തുക ഉൾപ്പെടുത്തി പ്രോജക്ട് രൂപീകരിച്ചിട്ടില്ല. ആയതിനാൽ ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി)

പ്രകാരമുള്ള 22,059/- രൂപയുടെ വിവരം ധനകാര്യപത്രിക, സുലേഖ, എ.സി. ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

2. 2019-20-ൽ വിവിധ ഗ്രാന്റിനത്തിൽ ലഭ്യമായ തുകകളിൽ ചെലവഴിക്കാതെ ലാപ്സായതായികാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | അലോട്ട്മെന്റ് | ചെലവ് തുക എ.സി.ആർ പ്രകാരം | 2019-20ലെ ക്യുബിൽ തുക /ലാപ്സായതുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 28887000 | *19709624 | 9177376 | 68 |
| വികസന ഫണ്ട് (എസ്.സി.പി) | 3503000 | **1394682 | 2108318 | 39 |
| സി.എഫ്.സി (Untied) | 20422000 | ***8250061 | 12171939 | 40 |
| മെയ്ന്റനൻസ് ഫണ്ട് (റോഡ്) | 24309000 | **** 14886448 | 9422552 | 61 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 7308000 | ***** 4695558 | 2612442 | 64 |

* ചെലവുതുക സുലേഖ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം 21207765

**ചെലവുതുക സുലേഖ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം 1416741

***ചെലവുതുക സുലേഖ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം 6904512

**** ചെലവുതുക സുലേഖ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം 13371603

***** ചെലവുതുക സുലേഖ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം 4695558

ഫണ്ട് ലാപ്സായതിനുള്ള കാരണം വിശദമാക്കേണ്ടതാണ്.

(3) സംസ്ഥാന ബജറ്റ് പ്രകാരമുള്ള അലോട്ട്മെന്റിനേക്കാൾ കൂടുതൽ തുക പ്രോജക്ടുകൾക്കായി വകയിരുത്തിയിരിക്കുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | അലോട്ട്മെന്റ് തുക | സുലേഖാ പ്രകാരം വകയിരുത്തിയ തുക |
|---|---|---|
| വികസന ഫണ്ട് - ജനറൽ | 28887000 | 33956504 |
| വികസന ഫണ്ട്- SCP | 3503000 | 4108573 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 24309000 | 29057325 |

| | | |
|---|---|---|
| മെയിന്റനൻസ് ഫണ്ട്- (നോൺ റോഡ് | 7308000 | 8242000 |
| ധനകാര്യകമ്മിഷൻ ഗ്രാന്റ് | 20422000 | 24468578 |

സ.ഉ (സാധാ) നം 990/2019/തസ്വഭവ തിരുവനന്തപുരം തീയതി 15.05.2019 പ്രകാരം 2019-20 ബജറ്റ് അനുബന്ധം IV പ്രകാരമുള്ള വിഹിതത്തിന് അനുസൃതമായി വാർഷിക പദ്ധതി പ്രോജക്ട് തുകകൾ പരിഷ്കരിക്കേണ്ടതുണ്ട്. ഇപ്രകാരം പദ്ധതി അടങ്കൽ തുകകൾ പരിഷ്കരിച്ചിട്ടില്ല.

4) ഉല്പാദന, സേവന, പശ്ചാത്തല, വനിതാഘടക പദ്ധതി മേഖലകളിൽ വകയിരുത്തുന്ന തുകകൾ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ

| ഫണ്ടിനം | മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗം | ഉല്പാദനം | 8473750 | 1899506 | 22 |
| | സേവനം | 23880627 | 18533388 | 78 |
| | പശ്ചാത്തലം | 1566677 | 774871 | 49 |
| പട്ടിക ജാതി വിഭാഗം | ഉല്പാദനം | 50000 | 0 | 0 |
| | സേവനം | 2740632 | 1416741 | 52 |
| | പശ്ചാത്തലം | 1367941 | 0 | 0 |
| ധനകാര്യകമ്മീഷൻ | ഉല്പാദനം | 2643000 | 1226893 | 46 |
| | സേവനം | 9220078 | 1489563 | 16 |
| | പശ്ചാത്തലം | 12605500 | 4188056 | 33 |
| വനിതാഘടക പദ്ധതി | | 7695200 | 1485200 | 19 |

സ.ഉ. (കൈ) നം-11/2018/ത.സ്വ.ഭ.വ തീ-29.01.2018 ഖണ്ഡിക 6.1(1)പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ല. എന്നാൽ ഉത്പാദന – സേവനമേഖലകളിൽ വകയിരുത്തിയ തുക ചെലവഴിക്കാതെ പാഴാക്കിയിരിക്കുന്നു.

ഈ വിഷയങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണം നം-7/2021-ന് മറുപടി ലഭ്യമാക്കിയില്ല.പദ്ധതികൾ കൃത്യമായി നടപ്പിലാക്കുന്നതിലും ലഭ്യമായ ഗ്രാന്റുകൾ ഫലപ്രദമായും പൂർണ്ണമായും ചെലവഴിക്കുന്നതിലും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട്. ഈ അപാകത വരുംവർഷങ്ങളിൽ പരിഹരിക്കുന്നതിൽ നിർവ്വഹണോദ്യഗസ്ഥരും വിവിധ കമ്മിറ്റികളും നിർബന്ധമായും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 307 | 165997421 | 178 | 61316880 | - | - | 59 |

## 1-5 2019-2020 സാമ്പത്തിക വർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 142920 | 150 |
| കർഷക തൊഴിലാളി പെൻഷൻ | 1923600 | 98 |
| വിധവ പെൻഷൻ | 4930800 | 56 |
| വാർദ്ധക്യകാല പെൻഷൻ | 11918700 | 287 |
| വികലാംഗ പെൻഷൻ | 2845900 | 29 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 144000 | 66 |

## 1-6 പണം നീക്കിയിരിപ്പ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.12.2021 തീയതി ഉച്ചയ്ക്കുശേഷം 12.55 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,510/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെപറയും വിഷയങ്ങൾ കൂടുതൽ ശ്രദ്ധാർഹമാണ്.

- ഓഫിസ് ഭരണസംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും, മെച്ചപ്പെട്ട സേവനങ്ങൾ സമയബന്ധിതമായി പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിന് സുതാര്യവും നീതിയുക്തവുമായ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകേണ്ടതുണ്ട്.
- തനത് വരവ് പിരിച്ചെടുക്കുന്നതിൽ പോരായ്മകൾ നിലനിൽക്കുന്നു. സഞ്ജയ സോഫ്റ്റ്‌വെയറിൽ പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങളും ഉൾപ്പെടുത്തി ട്രെയ്ഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല.
- തൊഴിൽ നികുതിയ്ക്ക് ഡിമാന്റ് നോട്ടീസ് നൽകി പൂർണ്ണമായും നികുതി പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല.
- ലൈസൻസ് ഫീ ഈടാക്കുന്നതിൽ സർക്കാർ ഉത്തരവുകളും കൃത്യമായ മാനദണ്ഡങ്ങളും പാലിക്കുന്നുണ്ട്. ഇത് പദ്ധതികളുടെ ഉദ്ദേശ്യ ലക്ഷ്യം നേടുന്നതിൽ പോരായ്മയുണ്ടാക്കുന്നു.
- സ്പിൽ ഓവർ ആകുന്ന പദ്ധതികൾ സ്പിൽ ഓവർ ആകുന്ന വർഷം തന്നെ പൂർത്തീകരിക്കുന്നില്ല.
- വിവിധ പദ്ധതികളുടെ ഭാഗമായി ഗുണഭോക്തൃ വിഹിതം നേരിട്ട് നൽകുന്ന വേളയിൽ അർഹരായവർക്ക് ആയത് ലഭിച്ചു എന്ന് പരിശോധിച്ച് ഉറപ്പാക്കുന്നതിന് ബാങ്ക് പാസ്സ് ബുക്ക് രേഖകളും വെബ് സാംഖ്യ സ്റ്റേറ്റ്മെന്റും ഫയലിൽ സൂക്ഷിക്കുന്നില്ല.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 18713 | 1473257 | 1491970 | 1491641 | 329 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | | | 18746845 | |
| | | | | 20238486 | |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.12.2021 | 2021-22 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.06.2018 | 2013-14 മുതൽ 2017-18 | 21.7.2018 |

## 1-10 ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഫാക്ടറി വ്യാപാര ലൈസൻസ് ഫീസ് ഈടാക്കിയതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**അ) മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല**

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 07, പട്ടിക II (31.10.2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം പുതുക്കിയത്) നിഷ്കർഷിക്കും പ്രകാരം വ്യാപാര സ്ഥാപനങ്ങളെ മേഖലാടിസ്ഥാനത്തിൽ തരംതിരിച്ച് അവയുടെ മൂലധന നിക്ഷേപത്തിനനുസൃതമായി വാർഷിക ലൈസൻസ് ഫീ നിശ്ചയിക്കുകയോ ആയത് പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

ഇതു സംബന്ധിച്ച് 17.12.2021 ൽ 06 -ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മോട്ടോർ സ്ഥാപന ചാർജ് ഈടാക്കുന്നതാണെന്നു മറുപടി നൽകിയിട്ടുണ്ട്.

**ആ) പുതുക്കിയ അപേക്ഷ ഫോറങ്ങൾ സ്വീകരിച്ചിട്ടില്ല**

പഴയ രീതിയിലുള്ള ഫോറങ്ങളിലാണ് ലൈസൻസിനുവേണ്ടിയുള്ള അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളത്. ഈ അപേക്ഷകളിൽ മിക്കതിലും ഒരു ദിവസത്തെ വിറ്റുവരവ്, സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ ലൈസൻസ് ഫീസ് നിശ്ചയിച്ചതിന്റെ മാനദണ്ഡങ്ങൾ വ്യക്തമല്ല. ഇത് വരുമാന നഷ്ടത്തിന് കാരണമാകാം. ഇക്കാര്യത്തിൽ സർക്കാർ ഉത്തരവുകൾ മുഖേനയുള്ള മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതുണ്ട്.

ഇതു സംബന്ധിച്ച് 17.12.2021 ൽ 06 -ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പുതിയ ഫോറത്തിൽ ലൈസൻസ് ഫീ ഈടാക്കുന്നതാണെന്നു മറുപടി നൽകിയിട്ടുണ്ട്. ലൈസൻസ് ഫീ ഈടാക്കുന്നതിൽ കൃത്യത ഉറപ്പാക്കുന്നതിനും മാനദണ്ഡങ്ങൾ പാലിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 സ്ഥാപന നികുതി പിരിച്ചെടുത്തിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2019-2020 സാമ്പത്തിക വർഷത്തെ വരവു സംബന്ധമായ രേഖകളുടെ പരിശോധനയിൽ ചില ബാങ്കിംഗ്/ധനകാര്യ സ്ഥാപനങ്ങൾ, കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തൻവർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. മുൻകാല ലൈസൻസ് രജിസ്റ്ററിൽ ഈ സ്ഥാപനങ്ങളുടെ പേര് ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ ഇതിൽ ചില സ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്ത് വിവിധ ആവശ്യങ്ങൾക്കായി സാധനങ്ങളും സേവനങ്ങളും (വൗച്ചറുകളുടെ പരിശോധന) പ്രയോജനപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

1. അരുണ സ്റ്റുഡിയോ
2. ഏഞ്ചൽ കാറ്ററിംഗ്, കരുംകുളം
3. ബീന സൗണ്ട്സ്
4. ആഫിയ ഓഫ്സെറ്റ്
5. എസ്. എസ് മാർജിൻ ഫ്രീ ഷോപ്പ്, പള്ളം
6. ആമ്പൽ ഫൈനാൻസ്, പുതിയതുറ
7. ഗീത സ്റ്റോർ
8. അജി സ്റ്റോർ
9. ഷാ സ്റ്റോർ
10. രവി സ്റ്റോർ
11. ചിക്കൂസ് മാർട്ട്
12. അമ്മ ഡെക്കറേഷൻസ്
13. ജെ എസ് പൗൾട്രി ഫാം, നാകപുരം
14. നെടിയവിരാലി ക്ഷീരോല്പാദക സഹകരണ സംഘം
15. കൊച്ചുതുറ ക്ഷീരോല്പാദക സഹകരണ സംഘം
16. നാകപുരം ക്ഷീരോല്പാദക സഹകരണ സംഘം
17. സൗഹൃദം ഓഡിറ്റോറിയം, കരുംകുളം
18. ഇന്ത്യൻ ബാങ്ക്, കരുംകുളം
19. ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക്
20. കരുംകുളം സർവ്വീസ് സഹകരണ ബാങ്ക്
21. മുത്തൂറ്റ് മെർക്കന്റയിൽ ലിമിറ്റഡ്, പുല്ലുവിള
22. ശ്രീഭദ്ര മോട്ടോർ ഡ്രൈവിംഗ് സ്കൂൾ, പള്ളം
23. സെന്റ്. നിക്കോളാസ് കമ്മ്യൂണിറ്റി ഹാൾ, പുതിയതുറ
24. സെന്റ്. ജേക്കബ് കല്യാണമണ്ഡപം, പുല്ലുവിള
25. സെന്റ്. ആന്റണീസ് കല്യാണമണ്ഡപം
26. ഉദയ ഫൈനാൻസ്, കരുംകുളം
27. കൈരളി ഫൈനാൻസ്, പുതിയതുറ
28. ഗ്രേസ് ജൂവലേഴ്സ്, പുതിയതുറ

ഇതു സംബന്ധിച്ച് 20.12.2021 തീയതിയിൽ 17 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു മറുപടിയോ നികുതി ഒടുക്കിയതിന്റെ രേഖകളോ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ

പ്രസ്താവിച്ച സ്ഥാപന നികുതി ഈയാക്കിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സ്ഥാപന നികുതി പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽകൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-12 റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല

റേഷൻ കടകളിൽനിന്നും 2019-2020 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുക്കുകയോ, അവയ്ക്ക് ഫാക്ടറി-വ്യാപാര ലൈസൻസ് നൽകുകയോ ചെയ്തിട്ടില്ല. ഇത് തനതുഫണ്ടിന്റെ വരുമാന ശോഷണത്തിനു കാരണമാകുന്നു. ഓഡിറ്റിനു ഹാജരാക്കിയ ലൈസൻസ് രജിസ്റ്ററിൽ റേഷൻ കടകൾ ഉൾപ്പെട്ടു കാണുന്നില്ല. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21.01.2019 ലെ (CS)A9-764/19 നം. ഉത്തരവു പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് കൂടാതെ 1996-ലെ കേരള പഞ്ചായത്ത്രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 149, 150 പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് അനിവാര്യവുമാണ്.

ഇതു സംബന്ധിച്ച് 17.12.2021 തീയതിയിൽ 06 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് റേഷൻ കടക്കാർ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കുവാൻ തയ്യാറാകുന്നില്ലെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വ്യാപാരികളുടെ ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കുമ്പോൾ റേഷൻ കടകളുടെ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും കൃത്യമായ ഡിമാന്റ് നോട്ടീസിലൂടെ തൊഴിൽ നികുതിയിനത്തിലും ലൈസൻസ് ഫീസിനത്തിലും ലഭിക്കേണ്ട വരുമാനം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-13 വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് (Traders' List) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചിരുന്ന വ്യാപാര സ്ഥാപനങ്ങളുടെ 2019-20 സാമ്പത്തിക വർഷത്തെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ഓരോ വാർഡിലും എത്ര വ്യാപാര സ്ഥാപനങ്ങൾ നിലവിലുണ്ടെന്നും മുഴുവൻ വ്യാപാര സ്ഥാപനങ്ങളിൽനിന്നും നികുതി ഈടാക്കിയിട്ടുണ്ടോയെന്നും ലൈസൻസ് നൽകിയിട്ടുണ്ടോയെന്നും കൃത്യമായി അറിയുവാൻ സാധിക്കുന്നില്ല. വ്യാപാര സ്ഥാപനങ്ങളുടെ കണക്ക് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് കൃത്യമായി നൽകുന്നതിനും നികുതി വരുമാനം ഉറപ്പുവരുത്തുന്നതിനും കഴിയുകയില്ല. കൂടാതെ ലൈസൻസ് ഫീ പിരിവ് പൂർണ്ണമായും കാര്യക്ഷമമായും നടത്തുവാനും കഴിയാതെ വരുന്നു. ഇത് തനതു ഫണ്ടിന്റെ ശോഷണത്തിന് കാരണമായിത്തീരുന്നു. ആയതിനാൽ വാർഡടിസ്ഥാനത്തിലുള്ള വ്യാപാരികളുടെ ലിസ്റ്റ് ഓരോ സാമ്പത്തിക അർദ്ധവർഷവും കാലികമായി തയ്യാറാക്കി സൂക്ഷിക്കേണ്ടത് പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ കർത്തവ്യമാണ്.

17.12.2021 ൽ 06-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലെന്നു രേഖപ്പെടുത്തിയിട്ടുണ്ട്.

വ്യാപാര സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന ലിസ്റ്റ് തയ്യാറാക്കി FTEAS ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയിലെ കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ച് ഫീ ഈടാക്കേണ്ടത് വരുമാനച്ചോർച്ച തടയുന്നതിനും ഗ്രാമപഞ്ചായത്ത് മേഖലയിലെ പരിസ്ഥിതി, ജനാരോഗ്യം എന്നിവയുടെ ഉന്നമനത്തിന് ഉതകും. ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

**ലൈസൻസ് നൽകൽ കാര്യക്ഷമമല്ല**

ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 138 സ്ഥാപനങ്ങൾ/കടകൾ മാത്രമാണ് 2019-20 സാമ്പത്തിക വർഷത്തേയ്ക്ക് ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ സഞ്ചയയിലെ കണക്കുകളനുസരിച്ച് 18വാർഡുകളിലായി 591 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ നിലവിലുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232, 233 പ്രകാരവും 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കം മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരവും ഏതൊരു വ്യാപാരസ്ഥാപനവും ആരംഭിക്കുന്നതിനു മുമ്പ് ലൈസൻസിനായി അപേക്ഷിക്കേണ്ടതും ചട്ടം 10 പ്രകാരം ലൈസൻസ് ഓരോ വർഷവും പുതുക്കേണ്ടതുമാണ്.

ലൈസൻസ് ഫീസ് ഇനത്തിൽ സമാഹരിക്കുന്ന തുക തനതു ഫണ്ടിലേയ്ക്കുള്ള പ്രധാന വരുമാന സ്രോതസ്സായതിനാലും ലൈസൻസ് നൽകുകയെന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും കൂടാതെ ഈ ഗണത്തിൽപ്പെട്ട സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ ജീവനേയും സ്വത്തിനേയും നേരിട്ടു ബാധിക്കുന്നവയായതിനാലും ഇക്കാര്യത്തിൽ ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തര ശ്രദ്ധ പതിയേണ്ടതാണ്.

ഇതു സംബന്ധിച്ച് 17.12.2021 ൽ 06ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മിക്ക കെട്ടിടങ്ങളും പ്രവർത്തന രഹിതമാണെന്നു വ്യക്തമാക്കിയിട്ടുണ്ട്.

## 1-14 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

ജീവനക്കാരിൽ നിന്നും 2019-20 സാമ്പത്തിക വർഷം ഈടാക്കിയ തൊഴിൽ നികുതി നിർദ്ദിഷ്ട നിരക്കുകളേക്കാൾ കുറവാണെന്നു കാണുന്നു. അർദ്ധ വാർഷിക വരുമാനത്തിന് ആനുപാതികമായി ഈടാക്കിയ നികുതി "തൊഴിൽ നികുതി തിട്ടപ്പെടുത്തുന്നതിനുള്ള പട്ടിക"യിലെ നിരക്കുകളേക്കാൾ കുറവായതിനാൽ ഈയിനത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം പിഴപ്പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരുടെ പേരും തസ്തികയും | സ്ഥാപനം/ഓഫീസ് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | ഏത് അർദ്ധ വർഷത്തേയ്ക്ക് എന്നത് |
|---|---|---|---|---|---|
| നിഖിൽ (ക്ലർക്ക്) | സി.എച്ച്.സി. പുല്ലുവിള | 102640 | 750 | 1000 | I$^{st}$ Half |
| രശ്മി കെ എസ് (Staff Nurse, NHM) | സി.എച്ച്.സി. പുല്ലുവിള | 17000X6= 102000 | 750 | 1000 | II$^{nd}$ Half |
| രേഷ്മ ജോയി (Staff Nurse, NHM) | സി.എച്ച്.സി. പുല്ലുവിള | 17000X6= 102000 | 750 | 1000 | II$^{nd}$ Half |

ഇതു സംബന്ധിച്ച് 20.12.2021 തീയതിയിൽ 17 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു മറുപടിയോ നികുതി ഒടുക്കിയതിന്റെ രേഖകളോ ലഭ്യമാക്കിയിട്ടില്ല. കുറവുവന്ന നികുതി തുക പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽകൂട്ടേണ്ടതാണ്.

## 1-15 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച

തൊഴിൽ നികുതി സംബന്ധമായ രേഖകളുടെ പരിശോധനയിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന അസി. എഞ്ചിനീയർ, ഓവർസിയർ തുടങ്ങിയ ജീവനക്കാരുടെയും സെക്രട്ടറിയുൾപ്പെടെയുള്ള മറ്റു ജീവനക്കാരുടെയും പഞ്ചായത്തിലെ ഡ്രൈവറുടെയും 2019-20 സാമ്പത്തിക വർഷത്തെ (രണ്ട് അർദ്ധ വർഷത്തെയും) തൊഴിൽ നികുതി ഈടാക്കിയതിന്റെ യാതൊരു രേഖകളും ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് 20.12.2021 തീയതിയിൽ 17 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു മറുപടിയോ നികുതി ഒടുക്കിയതിന്റെ രേഖകളോ ലഭ്യമാക്കിയിട്ടില്ല. മേൽ പ്രസ്താവിച്ച ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതു സംബന്ധിച്ച രേഖകൾ എത്രയും പെട്ടെന്ന് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇതു സംബന്ധിച്ച ബാദ്ധ്യത ചുമതലപ്പെട്ട ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാക്കി റിപ്പോർട്ട് പുറപ്പെടുവിക്കുന്നതായിരിക്കും.

## 1-16 കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല

കല്യാണമണ്ഡപങ്ങൾ, ഹാളുകൾ, സ്വകാര്യ ആഡിറ്റോറിയങ്ങൾ എന്നിവയിൽ നിന്നും 2019-20സാമ്പത്തിക വർഷം ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. ഇത് തനതുവരുമാന നഷ്ടത്തിനു കാരണമാകുന്നു. കേരള പഞ്ചായത്ത്‌രാജ് ആക്ട്, സെക്ഷൻ 232(1) ൽ "ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്നും മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ ഏതെങ്കിലും കാര്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്." ഇതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് വേണമെന്ന് വ്യക്തമാണ്. 1996-ലെ കേരള പഞ്ചായത്ത്‌രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 33 പ്രകാരം ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് അനിവാര്യമാണ്. ഇത്തരത്തിൽ 2019-2020 സാമ്പത്തിക വർഷം ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു. ഈ സ്ഥാപനങ്ങളിൽ നിന്നും 2019-2020 സാമ്പത്തിക വർഷത്തെ സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല.

1. സെന്റ്. നിക്കോളാസ് കമ്മ്യൂണിറ്റി ഹാൾ, പുതിയതുറ
2. സെന്റ്. ജേക്കബ് കല്യാണമണ്ഡപം, പുല്ലുവിള
3. സെന്റ്. ആന്റണീസ് കല്യാണമണ്ഡപം
4. സൗഹൃദം ഓഡിറ്റോറിയം, കരുംകുളം

ഇതു സംബന്ധിച്ച് 17.12.2021 ൽ 06 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തെ ലൈസൻസ് ഫീസും സ്ഥാപന നികുതിയും അടിയന്തരമായി പിരിച്ചെടുത്ത് തനതു ഫണ്ടിൽ മുതൽകൂട്ടേണ്ടതാണ്.

## 1-17 യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിലുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

2019-20 സാമ്പത്തിക വർഷത്തേയ്ക്ക് ഫാക്ടറി വ്യാപാര ലൈസൻസ് എടുക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ പരിശോധനയിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിലും വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കാത്തതായി കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകരുടെ പേരും മേൽവിലാസവും | ഫണ്ട് ഓഫീസ് തപാൽ നമ്പരും തീയതിയും | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന വൈദ്യുത യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് (രൂപ) |
|---|---|---|---|---|
| വി. ക്രിസ്തുദാസ് ശിവയൻവിള വീട്, കരുംകുളം, പുതിയതുറ പി.ഒ KRP 6/60C | B1-3531/19 26.08.2019 | ദാസ് ഫ്ലവർ മിൽ, പരണിയം, വഴിമുക്ക് | 10 HP | 100/- |
| പുഷ്പം ക്ലീറ്റസ് ശ്രുതിലയം, പുതിയതുറ പി.ഒ KRP 3/122C | B1-4391/19 14.10.2019 | A & E ഐെസ്പ്ലാന്റ്, പുതിയതുറ | 111 HP | 2000/- |
| വാൾട്ടർ എ സാഫല്യം കൊച്ചുതുറ, പുതിയതുറ പി.ഒ KRP 9/132A | B1-3931/19 20.09.2019 | സെന്റ്. ആന്റണീസ് ഫ്ലവർ മിൽ | 10 HP | 100/- |
| അശോകൻ കീർത്തി ഭവൻ, കൊല്ലവിളാകം, കരുംകുളം, പുതിയതുറ പി.ഒ KRP 4/242A | B1-5031/19 15.11.2019 | കൃഷ്ണ ഫ്ലവർ മിൽ | 03 HP | 50/- |
| സത്യൻ. കെ എസ് എൽ ഭവൻ, പോട്ടുപന, പുല്ലുവിള പി.ഒ KRP 3/122B | B1-1634/19 10.04.2019 | എസ് എൽ ഫ്ലവർ മിൽ | 04 HP | 50/- |
| രാധാകൃഷ്ണൻ. കെ പഴഞ്ഞാറ്റുകണ്ടം പുത്തൻവീട്, കരുംകുളം, | B1-1535/19 02.04.2019 | കൃഷ്ണ ഫർണ്ണിച്ചർ | 02 HP | 50/- |

| | | | | |
|---|---|---|---|---|
| പുതിയതുറ പി.ഒ KRP 5/227A | | | | |
| കാർത്തികേയൻ ശാന്ത ഭവൻ, കരുംകുളം, പുതിയതുറ പി.ഒ KRP 7/82 | B1-1488/19 28.03.2019 | നിറപറ ഫുഡ് പ്രോഡക്ട് | 10 HP | 100/- |
| സി. സുനിൽകമാർ അനന്തു ഭവൻ, കല്ലിയൂർ പി. ഒ KRP 2/210C | B1-2991/19 30.07.2019 | മാത എഞ്ചിനീയറിംഗ് വർക്സ്, പുല്ലുവിള | 05 HP | 50/- |
| **ആകെ** | | | | **2500/-** |

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കം മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടങ്ങൾ 18,19 പട്ടിക III എന്നിവ പ്രകാരം മേൽ സൂചിപ്പിച്ചിട്ടുള്ള നിരക്കുകളിൽ യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെട്ട ഫീസ് ഈടാക്കേണ്ടതായിരുന്നു. ആയതിനാൽ ഈ ഇനത്തിൽ തനതു ഫണ്ടിന് 2500/-രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ രീതിയിലുള്ള വരുമാന നഷ്ടം പഞ്ചായത്തിനുണ്ടായത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ജാഗ്രക്കുറവായി ഓഡിറ്റ് വിലയിരുത്തുന്നു. നഷ്ട തുക 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 243(3) നിഷ്കർഷിക്കും പ്രകാരം ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും സെക്ഷൻ ജോലികൾ ചെയ്ത ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18 തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല

വിവിധ വാർഡുകളിലെ വ്യാപാരികൾക്ക് 2019-2020 സാമ്പത്തിക വർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ നിർദ്ദിഷ്ട രീതിയിലുള്ള ഡിമാന്റ് നോട്ടീസിന്റെ/ബില്ലിന്റെ ഡ്യൂപ്ലിക്കേറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 20.12.2021 ൽ 17 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയിലൂടെ ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ വ്യാപാരികൾക്ക് 2019-2020 സാമ്പത്തിക വർഷം ഇത്തരത്തിലുള്ള ഡിമാന്റ് നോട്ടീസ്/ബില്ല് നൽകിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇതിന്റെ ഡ്യൂപ്ലിക്കേറ്റിൽ കൈപ്പറ്റിയ വ്യക്തിയുടെ ഒപ്പും തീയതിയും നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 10(1) പ്രകാരം തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം/ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കുവാൻ വ്യക്തികൾ/വ്യാപാരികൾ/കമ്പനികൾക്ക് നോട്ടീസ് നൽകേണ്ടതാണ്. ചട്ടം. 18(1) പ്രകാരം തൊഴിൽ നികുതിയായി നിശ്ചയിക്കപ്പെട്ട തുക ഡിമാന്റ് ചെയ്യേണ്ടതാണ്. തൊഴിൽ നികുതി ചട്ടങ്ങൾ നിഷ്കർഷിക്കും പ്രകാരമുള്ള ഡിമാന്റ് ചെയ്യലിന്റെ അഭാവം

നിമിത്തം നികുതി വരുമാനം ലഭിക്കാത്തതോ കുറയുന്നതോ കാലഹരണപ്പെടുന്നതോ ആയ സ്ഥിതിവിശേഷം സംജാതമായാൽ അത്തരത്തിലുണ്ടാകുന്ന വരുമാന നഷ്ടങ്ങളുടെ ബാദ്ധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കും.

## 1-19 തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2019-2020 സാമ്പത്തിക വർഷത്തെ വരവു സംബന്ധമായ രേഖകളുടെ പരിശോധനയിൽ ചില ബാങ്കിംഗ്/ധനകാര്യ സ്ഥാപനങ്ങൾ, കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തൻവർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) സ്ഥാപന നികുതിയും ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. ഇത്തരം സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

1. കുരുവിയോട്ടിൽ മൾട്ടി സ്പെഷ്യാലിറ്റി ദന്താശുപത്രി, കൊച്ചുപള്ളി, പുല്ലുവിള
2. മിഥുൻ ഹോംസ്റ്റേ & ലോഡ്ജ്, കരുംകുളം
3. കരുംകുളം സർവ്വീസ് സഹകരണ ബാങ്ക്, പുതിയതുറ ശാഖ

തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഒടുക്കുന്നതിന് വീഴ്ച വരുത്തിയ സ്ഥാപനങ്ങളുടെ മേൽ കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 204, 205 എന്നിവയും 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 3, 13 എന്നിവയും നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഇതു സംബന്ധിച്ച് 20.12.2021 തീയതിയിൽ 17 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു മറുപടിയോ പ്രസ്തുത നികുതികൾ ഒടുക്കിയതിന്റെ രേഖകളോ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത നികുതികൾ പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽകൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-20 ജീവനക്കാരുടെ വിവരം സ്ഥാപനം വെളിപ്പെടുത്തിയിട്ടും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഫാക്ടറി വ്യാപാര ലൈസൻസിനു വേണ്ടിയുള്ള അപേക്ഷയിൽ ചില സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് രേഖപ്പെടുത്തിയിട്ടും അത്തരം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി (രണ്ട് അർദ്ധ വർഷത്തെയും) ഈടാക്കിയിട്ടില്ല. ഇത് പഞ്ചായത്തിലെ നികുതി പിരിവ് കാര്യക്ഷമമായി നടക്കുന്നില്ല എന്നതിന് മകുടോദാഹരണമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനങ്ങളുടെ പേര് | ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം |
|---|---|
| താജോസ് മാർജിൻ ഫ്രീ ഹൈപ്പർ മാർക്കറ്റ്, KRP I/288B | 04 |
| A & E ഐസ്പ്ലാന്റ്, പുതിയതുറ, KRP 3/122C | 05 |
| എച്ച് ആർ എസ് പെട്രോൾ പമ്പ്, പുല്ലുവിള | 04 |
| പിവ (Pewa) ഹൈപ്പർ മാർക്കറ്റ്, പുതിയതുറ, KRP 3/349A | 03 |
| മാത എഞ്ചിനീയറിംഗ് വർക്സ്, പുല്ലുവിള, KRP 2/210C | 02 |

ഇതു സംബന്ധിച്ച് 20.12.2021 തീയതിയിൽ 17 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു മറുപടിയോ നികുതി ഒടുക്കിയതിന്റെ രേഖകളോ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രസ്താവിച്ച സ്ഥാപന നികുതി ഈയാക്കിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. തൊഴിൽ നികുതി പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽകൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-21 ലക്ഷക്കണക്കിനു രൂപയുടെ വരവു രേഖകൾ പരിശോധനയ്ക്ക് നൽകിയില്ല

2019-2020 സാമ്പത്തിക വർഷം റോഡ് കട്ടിംഗ് ചാർജ് ഈടാക്കകിയതു സംബന്ധിച്ച രേഖകളൊന്നും തന്നെ ഓഡിറ്റിനു ഹാരാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രിക (AFS)യിൽ തൻവർഷം "ചാർജസ് ഫോർ റോഡ് കട്ടിംഗ്" എന്ന അക്കൗണ്ട് ഹെഡിൽ 35224/-രൂപയുടെ വരവ് ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ "സെയിൽസ് ആന്റ് ഹയർ ചാർജസ്" എന്ന ഇനത്തിൽ 199345/-രൂപയുടെയും, "അദർ ഇൻകം" എന്ന ഇനത്തിൽ 198420/-രൂപയുടെയും വരവുകൾ ലഭിച്ചിട്ടുണ്ട്. ഈ വരവുകൾക്ക് ആധാരമായ അപേക്ഷകളും പണം ഒടുക്കിയ രസീതുകളും ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും ഉൾപ്പെടെയുള്ള രേഖകൾ 18.12.2021 ലെ 09 ആം നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടെങ്കിലും തത്സംബന്ധമായ യാതൊരു രേഖകളും ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഇക്കാരണത്താൽ ഇതിന്റെ കൃത്യതയും ആധികാരികതയും പരിശോധിച്ചു ബോദ്ധ്യപ്പെടുവാൻ ഓഡിറ്റിനു സാധിച്ചിട്ടില്ല.

ലക്ഷക്കണക്കിനു രൂപയുടെ വരവിനാധാരമായ രേഖകൾ ഹാജരാക്കാൻ കഴിയാത്തതും എൻക്വയറിക്ക് വിശദീകരണം നൽകാത്തതും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തര ശ്രദ്ധ പതിയേണ്ടതാണ്.

## 1-22 വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല. 2096920/-രൂപ തടസ്സപ്പെടുത്തുന്നു.

2019-20വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾക്കായി വിവിധ എജൻസികൾക്ക് തുക കൈമാറി.എന്നാൽ അത്തരം പദ്ധതികൾ പൂർത്തിക്കിയെന്ന് സാധൂകരിക്കുന്ന വിനിയോഗ സാക്ഷ്യപത്രങ്ങൾ അന്വേഷണകുറിപ്പ് 25/21 വഴി ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല.വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കത്ത പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പദ്ധതിയുടെ പേര് | ചെലവ് തുക | റിമാർക്സ് |
|---|---|---|---|
| 1 | I.K.M-ന് അയ്ക്കേണ്ട വിഹിതം(soo1/20) | 134520/- | സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 2 | S.S.A.വിഹിതം നൽകൽ (Soo3/20) | 1662400/- | ,, |
| 3 | സാമൂഹ്യ സുരക്ഷാ മിഷന് തുക നൽകൽ(soo7/20) | 300000/- | ,, |
| | ആകെ തുക | **2096920/-** | |

പദ്ധതികളുടെ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി ആവശ്യമായ

വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കാത്തതിനാൽ മേൽ വിവരിച്ച പദ്ധതികൾക്കായി ചെലവഴിച്ച **2096920**/-രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 2 മാസത്തിനകം വിനിയോഗസാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 ഔദ്യോഗിക അറിയിപ്പില്ലാതെ അക്കൌണ്ട് മാറി തുക നൽകി.കൈപ്പറ്റ് രസീത് ഹാജരാക്കണം.

SOO3/2019-20നമ്പർ S S Aവിഹിതം നൽകൽ എന്ന പദ്ധതിയുടെ നടത്തിപ്പിനായി ജില്ലാ പ്രോജക്ട് ആഫീസർ 16-6-2019-ലെ SSAകെ/(2)1742/DPO/തിരുവനന്തപുരം എന്ന കത്ത് പ്രകാരം കനറാ ബാങ്കിലെ 0819101103660എന്ന അക്കൗണ്ടിലേയ്ക്ക് നൽകാൻ ആവശ്യപ്പെട്ടു. എന്നാൽ മേൽ തുക കൈമാറിയ ബിൽ (7/2019-20)പ്രകാരം പദ്ധതി തുകയായ 16,62,400/- രൂപ ജില്ലാ പ്രോജക്ട് ആഫീസറുടെ പേരിൽ കാനറാ ബാങ്കിൽ തന്നെയുള്ള 0819101095546 എന്ന മറ്റൊരു അക്കൌണ്ടിലേയ്ക്കാണ് നൽകിയിരിക്കുന്നത്. പ്രോജക്ട് പ്രകാരമുള്ള തുക ജില്ലാ പ്രോജക്ട് ആഫീസറുടെ ഔദ്യോഗിക കത്തില്ലാതെയാണ് മറ്റൊരു അക്കൌണ്ടിലേയ്ക്ക് നൽകിയിരിക്കുന്നുവെന്ന് കണ്ടെത്തിയതിനെ തുടർന്ന് നൽകിയ അന്വേഷണകുറിപ്പ് 25/2021-ന് ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടില്ല. കൂടാതെ പദ്ധതി തുകയായ 16,62,400/- രൂപ ലഭിച്ചതായുള്ള കൈപ്പറ്റ് രസീതോ, പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രമോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് പ്രകാരം തുക കൈമാറുമ്പോൾ ജാഗ്രത പുലർത്തിയിട്ടില്ലായെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. 16,62,400/- രൂപ ലഭിച്ചതായുള്ള ജില്ലാ പ്രോജക്ട് ആഫീസുടെ ഔദ്യോഗിക കൈപ്പറ്റ് രസീതും വിനിയോഗ സാക്ഷ്യപത്രവും അടിയന്തിരമായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തടസ്സപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-24 പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 26/20 |
| പ്രോജക്ടിന്റെ പേര് | പാലീയേറ്റീവ് കെയർ |
| അടങ്കൽ തുക | 650000/- |
| ചെലവ് തുക | 510068/- |
| ബിൽ നം-/ തീയതി | 5/19-20 – 105883/- 24.08.19, 6/19-20- 30050/- തീ-08.09.19, 7/19-20- 23850/- തീ-21.10.19, 08/19-20 - 200000/- തീ-27.10.19, 9/19-20 – 26750/- തീ-29.10.19, 10/19-20 – 62630/-തീ-14.01.20, 11/19-20 – 34665/- തീ-12.02.20, 12/19-20 – 26240/- തീ 27.02.20 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ |

1. **നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നുകൾ വാങ്ങി**

സഉ(കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 ഖണ്ഡിക 7.5.3 പ്രകാരം കേന്ദ്രീകൃത രീതിയിലുള്ള വാങ്ങലിലൂടെ മരുന്നുകൾ ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ അവയുടെ നിയന്ത്രണചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി നൽകാവുന്നതാണ്. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നുകൾ

വാങ്ങാനോ, ചെലവഴിക്കാനോ പാടില്ല. പ്രസ്തുത നിബന്ധനപാലിക്കാതെ പാലീയേറ്റീവ് കെയർ പ്രോജക്ടിനായി 2,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2. **ക്വട്ടേഷൻ നടപടികൾ നടപടികൾ സ്വീകരിച്ചിട്ടില്ല.**

സഉ(സാധാ) നം.553/2019/ത.സ്വ.ഭ.വ തീയതി 07.03.2019 ഖണ്ഡിക 2.8.3 പ്രകാരം പാലീയേറ്റീവ് കെയർ വാഹനം ദിവസം/മാസവാടകയ്ക്ക് ക്വട്ടേഷൻ/ടെൻഡർ നടപടികളിലൂടെ വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്. എന്നാൽ പ്രസ്തുത നിബന്ധന പാലിക്കാതെ വാഹനം വാടകയ്ക്കെടുക്കുകയും ഈയിനത്തിൽ തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**3.ലോഗ് ബുക്ക് പരിപാലനം അപൂർണം**

പാലീയേറ്റീവ് കെയറിനായി ഉപയോഗിക്കുന്ന വാഹനത്തിന്റെ (KL-20 P 1024) ലോഗ് ബുക്കിൽ ഇന്ധനം നിറച്ചതിന്റെ വിവരങ്ങൾ (1 മുതൽ 6 വരെയുള്ള കോളങ്ങൾ) രേഖപ്പെടുത്തിയിട്ടില്ല.

ഇന്ധനക്ഷമത പരിശോധന നടത്തിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.20/2021-ന് മറുപടിലഭ്യമാക്കിയില്ല. പ്രസ്തുത അപാകതകൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതും സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതികൾ നിർവ്വഹണം നടത്തുന്നതിന് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും, നിർവ്വഹണഉദ്യോഗസ്ഥനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ചെലവ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എ.ബി.സി.പദ്ധതി |
| പ്രോജക്ട് നം | 41/20 |
| അടങ്കൽ തുക | 2,10,000/- |
| ചെലവ് തുക | 2,10,000/- |
| ബിൽ നം/തീയതി | 1/19-20, 29.07.19 |

പ്രസ്തുത പദ്ധതിക്കായി 2,10,000/- രൂപ ജില്ലാ കുടുംബശ്രീ മിഷന് കൈമാറിയിട്ടുണ്ട്.പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും, 27-08-2016 ലെ 45151/RC3 /2014/LSGD നമ്പരായ സർക്കുലറിലെ ഖണ്ഡിക നമ്പർ അഞ്ച് പ്രകാരം എ.ബി.സി പ്രോഗ്രാമിൽ സ്റ്റെറിലൈസേഷൻ, ആന്റി-റാബീസ് വാക്സിനേഷൻ, ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ, Deworming, നായയ്ക്ക് അഞ്ച് ദിവസത്തേക്ക് ഭക്ഷണം നൽകൽ, തെരുവിൽ തിരിച്ച് കൊണ്ടു വിടാൻ സുരക്ഷിതമാണെന്ന് സാക്ഷ്യപ്പെടുത്തൽ എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. എന്നാൽ ഇവ സംബന്ധിച്ച രേഖകൾ ലഭ്യമല്ല. പ്രസ്തുത അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-24/2021-ന് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-26 വാഹന പരിപാലനത്തിലെ അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 20 E 9741 Bolero Jeep വാഹനത്തിന്റെ 2019-20 സാമ്പത്തിക വർഷം പുക പരിശോധനയ്ക്കു വിധേയമാക്കിയിട്ടില്ല. വാഹനത്തെ സംബന്ധിച്ച രേഖകളുടെ പരിശോധനയിലാണ് ഇക്കാര്യം ബോദ്ധ്യപ്പെട്ടത്. ഈ വിഷയം ചൂണ്ടിക്കാട്ടി

23.12.2021 തീയതിയിൽ 22 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കു മറുപടിയോ പുക പരിശോധന നടത്തിയതിന്റെ രേഖകളോ ലഭ്യമാക്കിയിട്ടില്ല. ഔദ്യോഗിക വാഹനങ്ങൾ നിഷ്കർഷിക്കപ്പെട്ട ഇടവേളകളിൽ പുക പരിശോധനയ്ക്കു വിധേയമാക്കേണ്ടത് കസ്റ്റോഡിയൻ ഓഫീസറുടെ ചുമതലയാണ്.

**<u>മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല</u>**

അറ്റകുറ്റപ്പണികൾ, സ്പെയർ പാർട്സുകൾ മാറ്റി സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളും അതിനുവേണ്ടിവന്ന ചെലവ്, തീയതി തുടങ്ങിയ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുള്ള മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്ററും ഇന്ധനം നിറച്ച തീയതി, അളവ്, വില, വാഹന നമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ഇന്ധന രജിസ്റ്ററും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇന്ധനം വാങ്ങിയതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള ഒരു കണ്ടിജന്റ് രജിസ്റ്റർ മാത്രമാണ് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളത്.

മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 23.12.2021 തീയതിയിൽ 22 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും പ്രസ്തുത രജിസ്റ്ററുകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. സ.ഉ (പി) നം. 803/70/ ഫിൻ തീയതി. 13.11.1970 പ്രകാരം പുറപ്പെടുവിച്ച മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങളിലെ ചട്ടം.I(3) അനുസരിച്ച് വാഹനങ്ങളുടെ നിയന്ത്രണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട പ്രധാന രേഖകളാണ് മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്ററും ഇന്ധന രജിസ്റ്ററും. ആയതിനാൽ മേൽപ്പറഞ്ഞ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടത് നിയന്ത്രണോദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്.

## <u>1-27 ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ</u>

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ലോഗ്ബുക്കുകൾ നിയമാനുസൃതമായ രീതിയിൽ പരിപാലിക്കുന്നില്ല. ലോഗ്ബുക്കുകളുടെ പരിപാലനത്തിൽ കെ.എഫ്.സി വാല്യം.I പ്രകാരം കെ.എഫ്.സി വാല്യം.II ൽ നൽകിയിട്ടുള്ള 48എ, 48ബി എന്നീ ഫോറങ്ങളിലെ വ്യവസ്ഥകളും കേരള സർക്കാർ ധനകാര്യ പരിശോധനാ വിഭാഗം (നോൺ ടെക്നിക്കൽ-എഫ്) വകുപ്പ് പുറപ്പെടുവിച്ച 2.08.2008 ലെ 41/2008/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകളും 30.06.07 ലെ ജി.ഒ.(എം.എസ്) 170/07 ത.സ്വ.ഭ.വ എന്ന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷത്തെ ലോഗ്ബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**<u>1. ലോഗ്ബുക്കിൽ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല</u>**

KL 20 E 9741 എന്ന നമ്പരിലുള്ള ഔദ്യോഗിക വാഹനത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ലോഗ്ബുക്ക് 25.11.2019 തീയതി വരെ മാത്രമെ രേഖപ്പെടുത്തൽ നടത്തിയിട്ടുള്ളൂ. ഈ തീയതിക്കു ശേഷം 31.03.2020 വരെയുള്ള തീയതികളിൽ ലോഗ്ബുക്കിൽ രേഖപ്പെടുത്തലുകളില്ലാത്തതിനാൽ ഇക്കാലയളവിൽ ഔദ്യോഗിക വാഹനം ഓടിയിട്ടുണ്ടോ അറ്റകുറ്റപ്പണികൾക്ക് വാഹനത്തെ വിധേയമാക്കിയോ എന്ന വിവരം വ്യക്തമല്ലാത്തതിനാലും സ്ഥിരീകരിക്കാൻ കഴിയാത്തതിനാലും ഇക്കാലയളവിൽ ഈ വാഹനത്തിൽ നടത്തിയ ഔദ്യോഗിക യാത്രകളുടെ യാത്രാബത്ത ക്ലെയിം അംഗീകരിക്കുവാൻ നിയമപരമായി സാധിക്കുകയില്ല. ലോഗ്ബുക്ക് രേഖപ്പെടുത്തിയില്ലെങ്കിലും ഇക്കാലയളവിൽ ദിവസവേതനക്കാരനായ ഡ്രൈവർക്ക് വേതനം നൽകുകയും ഹാജർ വിവരം മസ്റ്റർ റോളിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

വാഹനത്തിന്റെ ലോഗ്ബുക്ക് കസ്റ്റോഡിയൻ ഓഫീസർ യഥാസമയം പരിശോധിക്കാത്തതിനാലാണ് ഡ്രൈവറുടെ ഭാഗത്തു നിന്നും ഇത്തരമൊരനാസ്ഥ ഉണ്ടാകുവാൻ കാരണമായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലോഗ്ബുക്ക് കൃത്യമായും പരിപൂർണ്ണമായും എഴുതി സൂക്ഷിക്കുക എന്നത് ഡ്രൈവറുടെയും ഇത് നിശ്ചിത

ഇടവേളകളിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുക എന്നത് കസ്റ്റോഡിയൻ ഓഫീസറുടെയും അനിവാര്യ ചുമതലയാണ്. ആയതിനാൽ ഇനിമുതൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതെ ശ്രദ്ധിക്കുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

**2. ഫുൾടാങ്ക് ഇന്ധനം നിറയ്ക്കുകയോ ഇന്ധനം നിറച്ച വിവരം രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല**

വാഹനത്തിന്റെ ഇന്ധനടാങ്ക് പൂർണ്ണമായും നിറയ്ക്കേണ്ടതാണ്. നിയന്ത്രണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ മേൽനോട്ടത്തിലോ അല്ലെങ്കിൽ നിയന്ത്രണാധികാരി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലോ ഇന്ധനം നിറയ്ക്കേണ്ടതാണ്. തീയതി, ഓരോ പ്രാവശ്യവും നിറച്ച ഇന്ധനത്തിന്റെ ആകെ അളവ്, ഇന്ധനം നിറയ്ക്കുമ്പോഴുള്ള കിലോമീറ്റർ റീഡിംഗ്, ആ സമയത്ത് വാഹനത്തിലുണ്ടായിരുന്ന ഇന്ധനത്തിന്റെ മുൻബാക്കി എന്നിവ ലോഗ്ബുക്കിൽ എഴുതിയതിനുശേഷം ടാങ്ക് നിറയ്ക്കുമ്പോൾ സന്നിഹിതനായിരുന്ന ഉദ്യോഗസ്ഥന്റെ പേരും ഒപ്പും ഉദ്യോഗപ്പേരും ലോഗ്ബുക്കിൽ രേഖപ്പെടുത്തുന്നതിന് ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വാഹനത്തിന്റെ ടാങ്ക് കപ്പാസിറ്റിയും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

**3. അറ്റകുറ്റപണികളുടെ വിവരം രേഖപ്പെടുത്തുന്നില്ല**

അറ്റകുറ്റപണികളെ സംബന്ധിച്ചുള്ള വിവരങ്ങൾ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

**4. ഇന്ധനക്ഷമത ടെസ്റ്റ് സർട്ടിഫിക്കറ്റ് പതിച്ചിട്ടില്ല**

ഇന്ധനക്ഷമത ടെസ്റ്റ് എല്ലാ വർഷവും കൃത്യസമയത്തു നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിക്കേണ്ടതുമാണ്.

**5. സഞ്ചരിച്ച ദൂരം രേഖപ്പെടുത്തുന്നില്ല**

ലോഗ്ബുക്കിലെ 11-ാമത്തെ കോളമായ "Miles/Kilometers Covered" എന്നതിന്റെ വിവരം നിശ്ചയമായും പൂരിപ്പിക്കേണ്ടതാണ്.

**6. കസ്റ്റോഡിയൻ-ഓഫീസർ ലോഗ്ബുക്ക് പരിശോധിക്കുന്നില്ല**

വാഹനത്തിന്റെ കസ്റ്റോഡിയൻ-ഓഫീസർ ഇടയ്ക്കിടെ ലോഗ്ബുക്ക് പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ബോദ്ധ്യപ്പെടേണ്ടതും പരിശോധിച്ച വിവരം അതിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

മേൽ അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് 23.12.2021 നു നൽകിയ 22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറിയും, പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥരും മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗവും പരിപാലനവും ലോഗ്ബുക്കുകളുടെയും അനുബന്ധ രേഖകളുടെയും പരിപാലനവും നിയമപ്രകാരമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-28 കരാർ ചമയ്ക്കാൻ താമസിച്ചതിന് പിഴ ഈടാക്കിയിട്ടില്ല

അസി. എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മരാമത്തു പ്രവൃത്തിയുമായി ബന്ധപ്പെട്ട് കരാറുകാരനുമായി കരാറിലേർപ്പെടുന്നതിന് (എഗ്രിമെന്റ്) കാലതാമസം നേരിട്ടിട്ടുണ്ട്. ഇതിന് കരാറുകാനിൽ നിന്നും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രവൃത്തിയുടെ പേര്: അടുമ്പിൽ തൈ പുരയിടം നടപ്പാത ഇന്റർലോക്ക് ഇടൽ

പ്രോജക്ട് നമ്പർ: 96/20

ഫണ്ടിനം: മെയിന്റനൻ ഫണ്ട് - റോഡ്: 1,45,000/-

ആകെ അടങ്കൽ: 1,45,000/-

എഗ്രീഡ് പി എ സി: 1,28,978/-

ചെലവു തുക: 1,44,455/-

ട്രഷറി ബിൽ നമ്പരും തീയതിയും: 71/18.01.2020

അളവുപുസ്തക നമ്പർ:133/19-20

സെലക്ഷൻ നോട്ടീസ് തീയതി: 28.10.2019

പിഴ കൂടാതെ കരാർ ചമയ്ക്കേണ്ട തീയതി: 11.11.2019

കരാർ ചമച്ച തീയതി: 18.11.2019

കരാർ (എഗ്രിമെന്റ്) നമ്പർ: 100/AE/LSGD/KKM/19-2 Dt. 18.11.2019

ഈടാക്കേണ്ട പിഴ: 1,290/-രൂപ (എഗ്രീഡ് പി എ സി യുടെ 1%)

ഭരണാനുമതി നമ്പരും തീയതിയും: 2(1)/07.12.2018

കരാറുകാരൻ: ശ്രീ. സന്തോഷ്കുമാർ. എ, മണ്ണക്കല്ല് ലക്ഷംവീട് കോളനി, കണ്ണറവിള, നെല്ലിമൂട്, പി ഒ

2) പ്രവൃത്തിയുടെ പേര്: സി എച്ച് സി സബ്സെന്റർ നിർമ്മാണം, വാർഡ് 18

പ്രോജക്ട് നമ്പർ: 229/20 (SO 279/18-19)

ഫണ്ടിനം: ധനകാര്യ കമ്മീഷൻ അവാർഡ്: 4,95,000/-

തനത് ഫണ്ട്: 3,20,000/-

ആകെ അടങ്കൽ: 8,15,000/-

എഗ്രീഡ് പി എ സി: 786639.41

ചെലവു തുക: 309675/- (തനത് ഫണ്ട്)

ചെക്ക് നമ്പരും തീയതിയും: 2375387, 17.08.2019

ചെലവു തുക: 4,95,000/- (ധനകാര്യ കമ്മീഷൻ അവാർഡ്)

ട്രഷറി ബിൽ നമ്പരും തീയതിയും: 30/07.08.2019

ആകെ ചെലവു തുക: 8,04,675/-

അളവുപുസ്തക നമ്പർ:547/18-19

സെലക്ഷൻ നോട്ടീസ് തീയതി: 20.12.2018

പിഴ കൂടാതെ കരാർ ചമയ്ക്കേണ്ട തീയതി: 04.01.2019

കരാർ ചമച്ച തീയതി: 29.01.2019

കരാർ (എഗ്രിമെന്റ്) നമ്പർ: 103/AE/LSGD/KKM/18-19 Dt. 29.01.2019

ഈടാക്കേണ്ട പിഴ: 7,866/-രൂപ (എഗ്രീഡ് പി എ സി യുടെ 1%)

ഭരണാനുമതി നമ്പരും തീയതിയും: 1(2)/27.05.2019

കരാറുകാരൻ: ശ്രീ. മണി. ജെ, കളത്താന്നി ഹൗസ്, ചാണി, കാഞ്ഞിരംകുളം പി. ഒ

പൊതു മരാമത്ത് മാന്വൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനകം കരാർ വയ്ക്കേണ്ടതാണ്. ഇല്ലെങ്കിൽ തുടർന്നുള്ള 10 ദിവസത്തേയ്ക്ക് എഗ്രീഡ് പി എ സി യുടെ (കരാർ തുകയുടെ) 1% പിഴയീടാക്കിയും കരാറിലേർപ്പെടാവുന്നതാണ്. തുടർന്നും കരാർ വയ്ക്കാത്ത പക്ഷം കരാറുകാരന്റെ പേരിലുള്ള ദർഘാസ് റദ്ദു ചെയ്ത് നിരതദ്രവ്യം പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതും കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ തൊട്ടടുത്ത കുറഞ്ഞ തുക ക്വാട്ടു ചെയ്ത കരാറുകാരനോട് നെഗോഷ്യേറ്റ് ചെയ്ത് പ്രവൃത്തി ഏറ്റെടുപ്പിക്കുകയോ സാധ്യമല്ലെങ്കിൽ

പുനർദർഘാസ് ക്ഷണിക്കുകയോ ചെയ്യേണ്ടതാണ്.

യഥാസമയം കരാറിലേർപ്പെടുവാൻ സാധിക്കാത്തതിനാൽ പിഴ സംഖ്യയായി നിർണ്ണയിച്ചിട്ടുള്ള 1,290/-രൂപയും 7,866/-രൂപയും ബന്ധപ്പെട്ട കരാറുകാരിൽ നിന്നും എത്രയും പെട്ടെന്ന് വസൂലാക്കി ഒടുക്കാത്ത പക്ഷം പ്രസ്തുത തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി മാറുന്നതാണ്.

2019-20 ൽ നടപ്പാക്കിയ പദ്ധതികളിൽ യഥാസമയം കരാറിൽ ഏർപ്പെടാതിരിക്കുകയും ആയതിന് പിഴ ഈടാക്കാത്തതുമായ എല്ലാ പദ്ധതികളുടേയും പിഴ കണക്കാക്കി ഈടാക്കേണ്ടതാണ്. മേൽ അപാകതയുമായി ബന്ധപ്പെട്ട് 24.12.2021 27.12.2021 തീയതികളിൽ 26, 31 നമ്പരുകളായി നൽകിയ ഓഡിറ്റ് എൻക്വയറികൾക്കു മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-29 നിശ്ചിത കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല

അസി. എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുടെ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിശ്ചിത കാലയളവിനുള്ളിൽ പണി പൂർത്തികരിക്കാൻ കഴിയാത്ത ഏതാനും പ്രവൃത്തികളുടെ വിവരം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാറുകാരന്റേതല്ലാത്ത കാരണത്താൽ നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയാതെ വരികയാണെങ്കിൽ സമയപരിധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ അസി. എൻജിനീയർ മുഖേന കാലപരിധി അവസാനിക്കുന്നതിനു മുമ്പ് സമർപ്പിക്കേണ്ടതാണ്. എന്നാൽ കരാറുകാരൻ ഇത്തരത്തിലുള്ള അപേക്ഷ സമർപ്പിക്കുകയോ പൂർത്തീകരണ കാലയളവ് അനുമതിയില്ലാതെ ദീർഘിപ്പിച്ചതിന് കരാറുകാരനിൽ നിന്നും നിയമാനുസൃതമായ പിഴയോ ഈടാക്കിയിട്ടില്ല. തദ്ദേശ സ്വയം ഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി2/223/15 തസ്വഭവ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാൽ പിഴ ആദ്യ മൂന്നു മാസക്കാലയളവിന് 1% നിരക്കിലും തുടർന്ന് ഓരോ മൂന്നു മാസക്കാലയളവിനും 2% നിരക്കിലും ഈടാക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം കാലതാമസം വരുത്തിയതിന് പിഴ കണക്കാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 216/20 (148/18-19) |
| പ്രവൃത്തിയുടെ പേര് | ചെമ്പനാവിള റോഡ് റീടാറിംഗ് |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് - റോഡ്, 397622/- |
| ആകെ അടങ്കൽ | 397622/- |
| എഗ്രീഡ് പി എ സി | 386041/- |
| ചെലവു തുക | 397622/- |
| ട്രഷറി ബിൽ നമ്പരും തീയതിയും | 11/22.07.2019 |
| ഭരണാനുമതി നമ്പരും തീയതിയും | 1(2)/27.05.2019 |

| | |
|---|---|
| അളവുപുസ്തക നമ്പര് | 526/18-19 |
| പൂർത്തീകരണ കാലയളവ് | 3 മാസം (സാങ്കേതികാനുമതി പ്രകാരം) |
| പ്രവൃത്തി ആരംഭിച്ച തീയതി | 10.10.2018 |
| പൂർത്തീയാക്കിയ തീയതി | 04.06.2019 |
| പൂർത്തീകരിക്കേണ്ട തീയതി | 09.01.2019 |
| അധികമായി എടുത്ത ദിവസങ്ങൾ | 146 |
| എഗ്രിമെന്റ് പ്രകാരം പിഴയില്ലാതെ അനുവദനീയമായ 20% കാലയളവ് | 18 ദിവസങ്ങൾ |
| ഗ്രേസ് പിരീഡ് കഴിച്ച് അധികമായുള്ള ദിവസങ്ങൾ | 146-18=128 |
| ആദ്യ മൂന്നു മാസത്തേയ്ക്ക് 1% നിരക്കിലുള്ള പിഴ തുക | 386041x1%=3860.41 |
| അടുത്ത മൂന്നു മാസത്തേയ്ക്ക് 2% നിരക്കിലെങ്കിൽ അവശേഷിക്കുന്ന 38 ദിവസത്തേയ്ക്കുള്ള പിഴ തുക | 386041x2%=7720.82,<br>7720.82/90x38=3259.90 |
| ആകെ പിഴ സംഖ്യ | 3860.41+3259.90=7120.31 |
| കരാറുകാരൻ | ശ്രീ. സത്യരാജ്. റ്റി, തുമ്പക്കൽ ഹൗസ്, ഉച്ചക്കട |

മേൽ പ്രസ്താവിച്ച പിഴ സംഖ്യ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും എത്രയും പെട്ടെന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാത്ത പക്ഷം ഇതു സംബന്ധിച്ച മുഴുവൻ ബാദ്ധ്യതയും നിർവ്വഹണോദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.

പ്രസ്തുത അപാകതയുമായി ബന്ധപ്പെട്ട് 27.12.2021 തീയതിയിൽ 31 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭ്യമാക്കിയിട്ടില്ല. മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും ക്രിയാത്മകമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-30 മുദ്രപ്പത്രം പുറത്തിറക്കിയ തീയതിക്കു മുമ്പായി കരാർ ചമച്ചു: കരാറുകാരനെ പിഴയിൽ നിന്നും ഒഴിവാക്കി.

അസി. എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-2020 സാമ്പത്തിക വർഷം നടപ്പിലാക്കിയ ചില പ്രോജക്ടുകളുടെ ഫയൽ പരിശോധനയിൽ പ്രവൃത്തികളുടെ എഗ്രിമെന്റ് തയ്യാറാക്കിയത് ക്രമപ്രകാരമല്ല എന്നതു മാത്രമല്ല ഇക്കാരണത്താൽ കരാറുകാരനെ പിഴ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 79/20 |
| പ്രവൃത്തിയുടെ പേര് | മേടവിളാകം ഇടവഴി ഇന്റർലോക്കിംഗ് |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട്-റോഡ്, 138000/- |
| എഗ്രിമെന്റ് നം./തീയതി | 58/AE/LSGD/KKM/19-20 Dt. 01.10.2019 |
| അടങ്കൽ തുക | 138000/- |
| കരാർ തുക | 122378.45 |
| ചെലവു തുക | 131825/- |
| ട്രഷറി ബിൽ നം./തീയതി | 61/18.01.2020 |
| ഭരണാനുമതി നമ്പരും തീയതിയും | 2(1)/17.12.2018 |
| സെലക്ഷൻ നോട്ടീസ് തീയതി | 28.09.2019 |
| അളവു പുസ്തക നമ്പർ | 107/19-20 |
| കരാറുകാരന്റെ പേര് | ശ്രീ. രാജി. ആർ, തുണ്ടുവിളാകത്ത് വീട്, വടവൂർക്കോണം, അയിര. പി ഒ, പാറശ്ശാല |

മേൽ പ്രസ്താവിച്ച പ്രവൃത്തിയുടെ കരാർ ചമച്ച തീയതി 01.10.2019ലാണ്. എന്നാൽ കരാർ വ്യവസ്ഥകൾ രേഖപ്പെടുത്തിയിട്ടുള്ള 100/-രൂപയുടെ രണ്ട് മുദ്രപ്പത്രങ്ങൾ ട്രഷറിയിൽ (സബ് ട്രഷറി ഓഫീസ്, പാറശ്ശാല) നിന്നും വെണ്ടർക്കു നൽകിയ തീയതി (ട്രഷറി സീൽ പ്രകാരം) 25.10.2019 ആണ്. വെണ്ടർ കരാറുകാരന് 01.11.2019 ലാണ് മുദ്രപ്പത്രം വിറ്റത്. ഇങ്ങനെയുള്ള മുദ്രപ്പത്രത്തിൽ 01.10.2019 എന്ന മുൻ തീയതിയിൽ നിർവ്വഹണോദ്യോഗസ്ഥൻ കരാറുകാരനുമായി ഉടമ്പടിയിലേർപ്പെട്ടത് നിയമ ദൃഷ്ട്യാ കുറ്റകരമായ അനാസ്ഥയാണ്. ഈ പ്രവൃത്തി സംബന്ധിച്ച് കോടതി വ്യവഹാരങ്ങൾ ഉണ്ടാകുന്ന പക്ഷം കരാറിന്റെ സാധുത ചോദ്യം ചെയ്യപ്പെടാൻ സാധ്യതയുണ്ട്. 1959 ലെ കേരള സ്റ്റാമ്പ് ആക്ട്, ചാപ്റ്റർ II, സെക്ഷൻ 17 അനുസരിച്ച് ഏതൊരു വ്യക്തിയും നിയമപരമായ രേഖകൾ ചമയ്ക്കുന്നതിനു മുമ്പുള്ള

തീയതിയിലോ അതേ തീയതിയിലോ മുദ്രപ്പത്രങ്ങൾ വാങ്ങേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥ പ്രകാരം ഏറ്റവും ചുരുങ്ങിയത് 01.11.2019 തീയതിയിലോ അതിനു ശേഷമുള്ള തീയതികളിലോ മാത്രമേ കരാറിലേർപ്പെടുവാൻ നിയമപരമായി സാധിക്കുകയുള്ളൂ. അങ്ങനെയെങ്കിൽ യഥാസമയം കരാർ വയ്ക്കുകയെന്ന പൊതു മരാമത്ത് മാന്വലിലെ വ്യവസ്ഥ ലംഘിക്കപ്പെട്ടതായി മനസ്സിലാക്കാം.

പൊതു മരാമത്ത് മാന്വൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനകം കരാർ വയ്ക്കേണ്ടതാണ്. ഇല്ലെങ്കിൽ തുടർന്നുള്ള 10 ദിവസത്തേയ്ക്ക് എഗ്രീഡ് പി എ സി യുടെ (കരാർ തുകയുടെ) 1% പിഴയീടാക്കിയും കരാറിലേർപ്പെടാവുന്നതാണ്. തുടർന്നും കരാർ വയ്ക്കാത്ത പക്ഷം കരാറുകാരന്റെ പേരിലുള്ള ദർഘാസ് റദ്ദു ചെയ്ത് നിരതദ്രവ്യം പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതും കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ തൊട്ടടുത്ത കുറഞ്ഞ തുക ക്വാട്ടു ചെയ്ത കരാറുകാരനോട് നെഗോഷ്യേറ്റ് ചെയ്ത് പ്രവൃത്തി ഏറ്റെടുപ്പിക്കുകയോ സാധ്യമല്ലെങ്കിൽ പുനർദർഘാസ് ക്ഷണിക്കുകയോ ചെയ്യേണ്ടതാണ്.

മേൽ പ്രവൃത്തിയിൽ ക്രമ വിരുദ്ധമായി മുൻ തീയതി വെച്ച് കരാർ ചമച്ചതിനാൽ കരാറുകാരൻ പൊതു മരാമത്ത് മാന്വൽ സെക്ഷൻ 2009.6 പ്രകാരമുള്ള എല്ലാ നടപടികളിൽ നിന്നും ഒഴിവാക്കപ്പെട്ടു. ആയതിനാൽ യഥാസമയം കരാറിലേർപ്പെടുവാൻ സാധിക്കാത്തതിനാൽ പിഴ സംഖ്യയായി (കരാർ തുകയുടെ 1%) ലഭിക്കേണ്ടിയിരുന്ന 1224/-രൂപയോ നിരതദ്രവ്യമോ നഷ്ടപ്പെട്ടിട്ടുണ്ട്. ദർഘാസ് റദ്ദു ചെയ്യാത്തതിനാലും സെലക്ഷൻ നോട്ടീസിൽ പറഞ്ഞിട്ടുള്ള കരാറുകാരൻ തന്നെ ഈ പ്രവൃത്തി പൂർത്തീകരിച്ചതിനാലും പിഴ സംഖ്യയായ 1224/-രൂപയുടെ ബാദ്ധ്യത നിലനിൽക്കുന്നു. ഈ തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും എത്രയും പെട്ടെന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാത്ത പക്ഷം ഇതു സംബന്ധിച്ച മുഴുവൻ ബാദ്ധ്യതയും നിർവ്വഹണോദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. കൂടാതെ ക്രമ വിരുദ്ധമായ കാര്യങ്ങളിലേർപ്പെട്ടതിന് നിർവ്വഹണോദ്യോഗസ്ഥൻ കാര്യ കാരണ സഹിതം വിശദീകരണവും നൽകേണ്ടതാണ്.

പ്രസ്തുത അപാകതയുമായി ബന്ധപ്പെട്ട് 27.12.2021 തീയതിയിൽ 31 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-31 ഇന്റർലോക്ക് പ്രവൃത്തികൾക്ക് തുക അനുവദിക്കുന്നതിൽ അപാകത

റോഡ് ഇന്റർലോക്ക് പ്രവൃത്തികളിൽ 60 Mm Concrete Block Pavement ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളിൽ സൈഡ് കോൺക്രീറ്റ് ഇനം ഉൾപ്പെടുത്തി തുക ചെലവഴിച്ചിരിക്കുന്നു. 6.7.2 Providing And Laying Of Interlocking Concrete Block Pavements Having Thickness 60mm As Per Drawing And Technical Specification Clause 1504 എന്ന ഇനം പ്രവത്തിയുടെ ഡാറ്റായിൽ Edge Block Material ന്റെ വിലയും ഉൾപ്പെട്ടിട്ടുള്ളതാണ്. സൈഡ് കോൺക്രീറ്റ് അനിവാര്യമായിരുന്നെങ്കിൽ എഡ്ജ് ബ്ലോക്കിന്റെ വില ഒഴിവാക്കിയ നിരക്കിൽ പ്രവൃത്തി നടപ്പാക്കേണ്ടതായിരുന്നു. എന്നാൽ റോഡ് ഇന്റർലോക്ക് പ്രവൃത്തികളിൽ Edge Block Material ന്റെ വില ഉൾപ്പെട്ടിട്ടുള്ള നിരക്ക് അനുവദിച്ചതിനോടൊപ്പം സൈഡ് കോൺക്രീറ്റിനും തുക അനുവദിച്ചു. ഈ അപാകതയ്ക്ക് നൽകിയ ഓഡിറ്റ് അന്വേഷണം നം.30, തീയതി : 27.12.2021 ന് നൽകിയ മറുപടിയിൽ മൽസ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന മേഖലയിൽ ഒരേ വീതി പാലിച്ച് നടപ്പാത ചെയ്യാൻ കഴിയാത്തതിനാൽ Edge Block ഒഴിവാക്കി വശങ്ങൾ കോൺക്രീററ് ചെയ്ത് ഉറപ്പിക്കുന്നു എന്നറിയിച്ചു. എന്നാൽ Edge Block ന്റെ നിരക്ക് ഉൾപ്പെടുന്ന തുകയാണ് എം ബുക്ക് പ്രകാരം നൽകിയിട്ടുള്ളത്. ഇനി തയ്യാറാക്കുന്ന ബില്ലുകളിൽ Edge Block ന്റെ വില ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ചെയ്യുന്ന പ്രവൃത്തികൾക്കും ഉപയോഗിക്കുന്ന Material മാത്രം തുക അനുവദിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

**1-32 എയ്റോബിക് ബിൻ സ്ഥാപിക്കൽ - അപാകങ്ങൾ - 1427951/- രൂപ ഗ്രാന്റിനത്തിൽ ചെലവ് - പദ്ധതി ലക്ഷ്യം നേടിയിട്ടില്ല.**

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | എയ്റോബിക് ബിൻ സ്ഥാപിക്കൽ (174/20) (SO) |
| അടങ്കൽ തുക | 4,80,000/- |
| ചെലവ് തുക | 4,27,951/- |
| ഫണ്ടിനം | സി എഫി സി ഗ്രാന്റ് |
| ബിൽ നം തീയതി | 7/12.6.19 415451/-<br>9/12.6.19 12500/- |
| നി. ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| എം ബുക്ക് നം | 296/17-18, 423/18-19 |
| നി. ഏജൻസി | ഐ ആർ റ്റി സി |
| സാങ്കേതികാനുമതി നം തീയതി | 4146/C6/2012/SM, 8.3.2019 (ശുചിത്വ മിഷൻ) |

ജൈവമാലിന്യ സംസ്ക്കരണത്തിന് പഞ്ചായത്ത് പരിധിയിലെ ആറ് സ്ഥലങ്ങളിൽ രണ്ട് എയ്റോബിക് ബിന്നും ഷെഡും ഉൾപ്പെടുന്ന ആറ് എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിയായ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും കരാറിൽ ഏർപ്പെടുകയും ചെയ്തു. 2018-19 ൽ ആരംഭിച്ച പദ്ധതിയ്ക്ക് പ്രസ്തുത വർഷം 10,00,000/- രൂപ അഡ്വാൻസ് ആയി നൽകി. ഓഡിറ്റ് കാലയളവിൽ 4,27,951/- രൂപ ചെലവഴിക്കുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്തു. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും തുടർ പ്രവർത്തനങ്ങളുടെ ചുമതല ഉൾപ്പെടെയുള്ള വിശദാംശങ്ങളും എയ്റോബിക് ബിന്നുകൾ അതാത് സ്ഥലങ്ങളിൽ ജൈവമാലിന്യ സംസ്ക്കരണത്തിന് ഉപയോഗപ്പെടുന്ന വിധത്തിൽ പ്രവർത്തനക്ഷമമാണോ എന്നത് സംബന്ധിച്ചും വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 16, 20.12.2021 ന് മറുപടിയായി എയ്റോബിക് ബിന്നുകൾ പ്രവൃത്തി പൂർത്തീകരിച്ച് കൈമാറിയിരുന്നു എന്നും പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളുടെ വിവരങ്ങൾ എ ഇ എൽ എസ് ജി യുടെ ഓഫീസിൽ ലഭ്യമല്ല എന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. ഇതേ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറിയ്ക്ക് 28.12.2021 ൽ 33-ാം നമ്പരായി നൽകിയ അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല, എന്നാൽ പ്രവർത്തനക്ഷമമായിട്ടില്ല എന്നും തുടർ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ടെന്നും നേരിട്ട് അറിയിക്കുകയുണ്ടായി. ഭരണസമിതി ഈ വിഷയം ഗൌരവമായി പരിഗണിക്കേണ്ടതും എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ

പ്രവർത്തനക്ഷമമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രവർത്തനക്ഷമത റിപ്പോർട്ട് ചെയ്യുന്നതു വരെ മുൻ വർഷം നൽകിയ 10,00,000/- രൂപ ഉൾപ്പെടെ 14,27,951/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

2. സർക്കാർ ഉത്തരവ് (എം.എസ്) നം 133/07/തസ്വഭവ തീയതി 18.5.2007 പ്രകാരം അക്രഡിറ്റഡ് ഏജൻസിയുമായി കരാറിൽ ഏർപ്പെട്ട് കഴിഞ്ഞാൽ എസ്റ്റിമേറ്റ് നിരക്കിന്റെ 50% അഡ്വാൻസ് നൽകാവുന്നതാണ്. പ്രാഥമിക എസ്റ്റിമേറ്റ് പ്രകാരം 14,80,000/- രൂപ വകയിരുത്തിയ പ്രവൃത്തിയുടെ 50% ആയ 7,40,000/- അഡ്വാൻസ് അനുവദിക്കുന്നതിന് പകരം 10,00,000/- രൂപ അനുവദിച്ചു. ഈ അപാകതയ്ക്ക് മറുപടിയായി 2017-18 ലെ പ്ലാൻ ഫണ്ട് എക്സ്പെൻഡിച്ചിർ കുറവായിരുന്നതിനാൽ ഭരണസമിതിയുടെ നിർദേശപ്രകാരമാണ് അഡ്വാൻസ് നൽകിയത് എന്നറിയിച്ചു. പ്ലാൻ ഫണ്ടിന്റെ ചെലവ് കാണിക്കുന്നതിന് സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിക്കുന്നത് അനുവദനീയമല്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

3. 4,27,951/- പിൻവലിച്ച ബില്ലിൽ നിന്നും ജി എസ് റ്റി രണ്ട് ശതമാനം കണക്കാക്കി ഒടുക്കിയതായി കാണിച്ചിരിക്കുന്നു. അഡ്വാൻസ് നൽകിയ പത്ത് ലക്ഷം രൂപയ്ക്ക് ജി എസ് റ്റി ഒടുക്കിയിട്ടില്ല. അഡ്വാൻസ് കൊടുക്കുന്ന സമയത്ത് സാധനമോ സേവനമോ കൈമാറ്റം നടക്കാതിരുന്നത് കാരണമാണ് ജി എസ് റ്റി ഒടുക്കാത്തതെന്ന് അറിയിച്ചിട്ടുണ്ട്. ഈ മറുപടി സ്വീകാര്യമല്ല. ആകെ ചെലവ് തുകയുടെ രണ്ട് ശതമാനം ജി എസ് റ്റി ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.
4. ശുചിത്വ മിഷൻ അംഗീകരിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം പദ്ധതിയുടെ ചെലവ് തുക 14,12,000/- രൂപയാണ്. എന്നാൽ എം ബുക്ക് പ്രകാരം 14,15,451/- രൂപചെലവഴിച്ചു. 12,500/- രൂപ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതെ ചെലവഴിച്ചു.

മേൽ അപാകതകൾക്ക് വിശദീകരണം നൽകിയിട്ടില്ല. കേന്ദ്രസർക്കാർ ഗ്രാന്റ് ഉപയോഗിച്ച് പദ്ധതിയിലെ നിർമ്മാണം പൂർത്തിയാക്കിയിട്ടും പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. സെക്രട്ടറിയും ഭരണസമിതിയും ഇക്കാര്യത്തിൽ ജാഗ്രത പുലർത്തിയിട്ടില്ല എന്നു കാണുന്നു. മേൽ പദ്ധതി പ്രകാരം നിർമ്മിച്ച എയ്റോബിക് ബിന്നുകൾ അടിയന്തിരമായി പ്രവർത്തനക്ഷമമാക്കി ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം തുക തടസ്സപ്പെടുത്തുന്നതും സെക്രട്ടറിയും ഭരണസമിതിയും പ്രസ്തുത തുകയുടെ നഷ്ടത്തിന് ഉത്തരവാദികളാകുന്നതുമായിരിക്കും.

## 1-33 തെരുവ് വിളക്ക് പരിപാലനം -ഉപകരണങ്ങൾ പൂർണമായും സ്ഥാപിച്ചില്ല-382468/-രൂപ തടസ്സപ്പെടുത്തുന്നു.

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്ത് തെരുവ് വിളക്ക് പരിപാലനത്തിനായി 3 പദ്ധതികൾ അംഗീകാരം നേടുകയും അതിൽ 2 പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു. പഞ്ചായത്തിലെ തെരുവ് വിളക്ക് പരിപാലത്തിനായി 2019-20 വർഷത്തിൽ നടപ്പിലാക്കിയ രണ്ട് പദ്ധതികളിൽ 153/20 നമ്പർ പദ്ധതിടെണ്ടർ ഇല്ലാതെയും So-188 /20 നമ്പർ പദ്ധതി ടെൻഡർ പ്രകാരവും(അറ്റകുറ്റ പണി ഒഴികെ) നടപ്പാക്കി. എന്നാൽ തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/ 2011/ത.സ്വ.ഭ.വ. തീ.15.09.11-ൽ നിർദ്ദേശിക്കുന്ന നടപടിക്രമങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ലായന്നും പദ്ധതികൾ പ്രകാരം ലഭിച്ച മുഴുവൻ ഉപകരണങ്ങളും പഞ്ചായത്തിലെ തെരുവ് വിളക്ക് പരിപാലത്തിനായി സ്ഥാപിക്കാനോ, ബാക്കിയായ ഉപകരണങ്ങളുടെ ഭൗതിക സ്ഥിതി ഓഡിറ്റിനെ ബോധ്യപ്പെടുത്തുവാനോ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. സർക്കുലർ നമ്പർ നം.67208/ഡി.എ.3/11/ ത.സ്വ.ഭ.വ. തിയതി.27/3/2012 പ്രകാരം തെരുവ് വിളക്ക് പരിപാലനത്തിലുള്ള ടെണ്ടർ കെ.എസ്.ഇ.ബി. ഉൾപ്പെടെയുള്ള സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണെങ്കിലും ഗ്രാമപഞ്ചായത്ത് അത്തരം നടപടി

സ്ഥീകരിക്കാതെ ടെണ്ടർ നടപടിപോലും സ്ഥീകരിക്കാതെ സ്വകാര്യ വ്യക്തിയ്ക്കാണ് പ്രവൃത്തിയുടെ ചുമതല നൽകിയിരിക്കുന്നത്.

**A. തെരുവ് വിളക്ക് പരിപാലനം-കരാർ ലംഘനം- 300888/-രൂപ തടസ്സപ്പെടുത്തുന്നു**

| ക്രമ നം | പദ്ധതി യുടെ പേര്, നമ്പർ | അടങ്കൽ തുക | ചെലവ് തുക | ബിൽ നം തീയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ ഉദ്യേശം |
|---|---|---|---|---|---|---|
| 1 | തെരുവ് വിളക്ക് റിപ്പയർ 153/20 | 800000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്- 410000/- തനത് ഫണ്ട്- 390000/-) | 300888/- ബിൽ നമ്പർ- 24/19-20. തിയതി 18-1-2020. | 24/19-20 18-1-2020. | സെക്രട്ടറി | പഞ്ചായത്ത് വാർഡുകളിൽ കെ എസ് ഇ ബിയുടെ നിലവിലുള്ള വൈദ്യുത പോസ്റ്റുകളിൽ തെരുവുവിളക്ക് മെയിന്റെനൻസ് നടത്തുന്നതിനായി 12 W-ന്റെ 1000/- എൽ ഇ ഡി ലൈറ്റുകൾ വാങ്ങൽ |

**153/2020 നമ്പർ തെരുവ് വിളക്ക് റിപ്പെയർ** എന്ന പദ്ധതി പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 31-08-2018-ലെ സ.ഉ.(സാധാ)2330/2018 ത.സ്വ.ഭ.വകുപ്പ് ഉത്തരവ് പ്രകാരം ടെണ്ടർ ഇല്ലാതെ വാങ്ങാൻ അനുവാദം ലഭിച്ചതിനാൽ 3,00,888/- രൂപ മൂല്യമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് 11-10-2019-ലെ 1(3)നമ്പർ അനുസരിച്ച് തീരുമാനിക്കുകയും ആയത് പ്രകാരം 21-10-2019-ലെ A3-2111/17-ാം നമ്പർ കത്ത് പ്രകാരം പർച്ചേയ്സ് ഉത്തരവ് നൽകുകയും ചെയ്തു. ആയത് അനുസരിച്ച് പഞ്ചായത്തും യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡും 2019 നംവബർ 6-ാം തിയതിയിൽ എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. പ്രസ്തുത എഗ്രിമെന്റിലെ 1-ാം നമ്പർ വ്യവസ്ഥപ്രകാരം U E I Will Execute The Implementation Of The Above Proposal **To Supply And Install STREET LIGHT** Based On The Feasibility Study Conducted By U E I Ltd എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മേൽ സ്ഥാപനം MKTG/5/119/2019-20 നമ്പർ കത്ത് പ്രകാരം എൽ.ഇ.ഡി ലാംമ്പിന് 2 വർഷത്തെ ഗ്യാരണ്ടിയും ഉറപ്പ് നൽകുന്നു. ഗ്രാമപഞ്ചായത്ത് 21-10-2019 – ൽ നൽകിയ പർച്ചേയ്സ് ഓർഡർ പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ലഭിച്ച് സ്റ്റോക്കിൽ എടുത്തശേഷം കരാർ പ്രകാരം മേൽ സ്ഥാപനത്തെ കൊണ്ട് തന്നെ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് പകരം മറ്റൊരു സ്പിൽ ഓവർ പദ്ധതി പ്രകാരം ടെണ്ടർ വിളിക്കാതെ കരാറുകാരനെ നിയോഗിച്ച് ഉപകരണങ്ങൾ കൈമാറുകയും ചെയ്തു. ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെയും കരാറുകാരൻ ഒപ്പ് രേഖപ്പെടുത്തി സ്ഥീകരിച്ചശേഷം സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ബാക്കി സ്റ്റോക്കിൽ കാണപ്പെടേണ്ട ഉപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഉപകരണം | ലഭിച്ച എണ്ണം | രജിസ്റ്റർ പ്രകാരം വിതരണം ചെയ്ത | ബാക്കിയായി കാണപ്പെടേണ്ടതിന്റ എണ്ണം | വില(നികുതി ഉൾപ്പടെ ഒന്നിന്) | സ്റ്റോക്ക് പ്രകാരം ബാക്കിയായ ഉപകരണത്തിന്റെ വില |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | എണ്ണം | | | |
| 12 W LEDബൾബ് | 1000 | 840 | 160 | 164 | 26240/- |
| Pendant Holder | 1000 | 805 | 195 | 18 | 3510/- |
| LED Bulb Shade | 1000 | 800 | 200 | 40 | 8000/- |
| Sv Bulb 250w | 10 | 6 | 4 | 434 | 1736/- |
| SV Capaciter 33 MFD | 10 | 6 | 4 | 205 | 820/- |
| SV Holder | 10 | 6 | 4 | 109 | 436/- |
| Tube Light 36 Watts | 200 | 150 | 50 | 39 | 1950/- |
| Side Holder Clip Type | 100 | 0 | 100 | 8 | 800/- |
| Electronic Choke | 200 | 80 | 120 | 140 | 16800/- |

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കരാറുകാരൻ കൈപ്പറ്റിയത് 996 ലൈറ്റുകളാണ്. അപ്രകാരം സ്ഥീകരിച്ച് സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആ ഇനത്തിൽ ഓരോ ലൈറ്റിനും 100/-രൂപാ നിരക്കിൽ (മറ്റൊരു പദ്ധതിപ്രകാരം നൽകിയ നിരക്ക്) 99,600/-രൂപ ടിയാൻ ആവശ്യപ്പെടേണ്ടതായിരുന്നു. എന്നാൽ കരാറുകാരൻ ആകെ ആവശ്യപ്പെട്ടത് അതെ വർഷം നടപ്പിലാക്കിയ So188/20 നമ്പർ പദ്ധതിപ്രകാരം വാങ്ങിയ തെരുവ് വിളക്ക് ഉപകരണങ്ങളിൽ 530 എണ്ണം സ്ഥാപിച്ചതിന്റെ കൂലിയായി 53,000/-രൂപയാണ്. 2019-20 വർഷത്തിൽഗ്രാമപഞ്ചായത്ത് പ്രസ്തുത തുക മാത്രമേ തെരുവ് വിളക്ക് അറ്റകുറ്റ പണിയുടെ കൂലിയായി നൽകിയിട്ടുള്ളു.കൂടാതെ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റുകളുടെ ആവശ്യത അറിയിച്ചുകൊണ്ടുള്ള വാർഡ് പ്രതിനിധികളുടെ കത്തുകളോ, പദ്ധതി പ്രകാരം മുഴുവൻ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതായ വാർഡ് പ്രതിനിധികളുടെയോ, കരാറുകാരന്റെയോ സാക്ഷ്യപത്രങ്ങളോ, കരാറുപ്രകാരം ഉപകരണങ്ങൾ സ്ഥാപിക്കേണ്ട യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പൂർത്തികരണ സാക്ഷ്യപത്രമോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയത് ചെക്ക് മെഷർ ചെയ്യതതിന്റെ എം.ബുക്ക്, സൂപ്പർവിഷൻചാർജ് അടവാക്കിയതിന്റെ രേഖ എന്നിവയും ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ഇക്കാരണങ്ങളാൽ മേൽ പദ്ധതി പ്രകാരം വാങ്ങിയ ഉപകരണങ്ങളിൽ കരാറുകാരൻ കൈപ്പറ്റിയ മുഴുവൻ ഉപകരണങ്ങളും ഗ്രാമപഞ്ചായത്ത് വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടാല്ലായെന്ന് ബോധ്യമായതിനാലും, കരാറുകാരൻ കൈപ്പറ്റിയ ശേഷം അവശേഷിക്കുന്ന ഉപകരണങ്ങളുടെ ഭൗതിക പരിശോധന നടത്താൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 19/20-ന് നടപടി സ്വീകരിക്കാത്തിനാലും പദ്ധതിപ്രകാരം വാങ്ങിയ മുഴുവൻ ഉപകരണങ്ങളും ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ച് പൊതുജനങ്ങൾക്ക് പ്രയോജനപ്പെട്ടതായി കണ്ടെത്താത്തതിനാലും ചെലവഴിച്ച 3,00,888/-രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 2മാസത്തിനകം പദ്ധതിപ്രകാരം വാങ്ങിയ മുഴുവൻ ഉപകരണങ്ങളും ഓഡിറ്റിന്റെ ഭൗതിക പരിശോധനയ്ക് വിധേയമാക്കാത്ത പക്ഷം പ്രസ്തുത തുക നിർവഹണോദ്ധ്യോഗസ്ഥന്റെ ബാധ്യതയായി മാറുന്നതാണ്.

**B. <u>തെരുവ് വിളക്ക് റിപ്പയറിംഗ് (SO188/2020 )പദ്ധതി.സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ഉപകരണങ്ങൾ കണ്ടെത്താൻ സാധിച്ചില്ല.</u>**

| | | | | | | |
|---|---|---|---|---|---|---|
| 2 | തെരുവ് വിളക്ക് റിപ്പയർ | 203750/- തനത് ഫണ്ട്. | 203390/- | ചെക്ക് നം-745617-തിയതി- | സെക്രട്ടറി | കേടായ തെരുവ് വിളക്കുകൾ മാറ്റി അറ്റകുറ്റപ്പണികൾ |

| | | | | |
|---|---|---|---|---|
| So-188 /20 20 | | | 26-2-2020. 53000/-രൂപ ചെക്ക്നം- 133483,തിയതി- 11-12-2019. 150390/-രൂപ. | നടത്തി പ്രവർത്തനക്ഷമമാക്കുക. |

തെരുവുവിളക്ക് റിപ്പയറിംഗിനായി SO188/2020 -നമ്പർ പദ്ധതിപ്രകാരം നടപ്പിക്കിയ പദ്ധതിപ്രകാരം ടെണ്ടർ വിളക്കുകയും ഏറ്റവും കുറവ് ക്വാട്ട്ചെയ്യത റേഡിയന്റ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും2- 11-2019-ലെ 10930നമ്പർ ഇൻവോയിസ് പ്രകാരം ലഭിച്ച 1,50,390/-രൂപയുടെ ഉപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉപകരണം | എണ്ണം | വില (നികുതി ഉൾപ്പെടെ) |
|---|---|---|---|
| 1 | 9 W LED BULB OSRAM | 1200 | 88800/- |
| 2 | HOLDER | 1200 | 15600/- |
| 3 | Alum-wire | 10 | 2120/- |
| 4 | Alu Shade | 1200 | 30000/- |
| 5 | 36 W Tube Light Havels | 100 | 3390/- |
| 6 | Copper Choke | 50 | 4000/- |
| 7 | Stater | 100 | 650/- |
| 8 | Side Holder | 50 | 300/- |
| 9 | Insulation Tape | 100 | 700/- |
| 10 | Hook Up Wire 270 M | 30 Nos | 4830/- |
| **ആകെ** | | | **150390/-** |

മേൽ വിവരിച്ച മുഴുവൻ ഉപകരണങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയശേഷം കരാറുകാരനായ ശ്രീ.സുരേഷ് കൈപ്പറ്റിയതായുള്ള രേഖ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയിൽഉൾപ്പെടുത്തി ഉപകരണങ്ങൾ അറ്റകുറ്റപണിചെയ്യത് സ്ഥാപിച്ചതിന് 53,000/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.എന്നാൽ മേൽ പദ്ധതിപ്രകാരം വാങ്ങിയ മുഴുവൻ ഉപകരണങ്ങൾ സ്ഥാപിച്ചതിന്റെയോ, ബാക്കിയുണ്ടെങ്കിൽ ആയതിന്റെ വിവരമോ,അറ്റകുറ്റ പണിനടത്തിയപ്പോൾ ലഭിച്ച പഴയ ഉപകരണങ്ങളുടെ വിവരമോ,വാർഡ് പ്രതിനിധികളുടെ ആവശ്യകതാ സാക്ഷ്യപത്രങ്ങളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പദ്ധതിപ്രകാരം തെരുവ് വിളക്ക് സ്ഥാപിച്ചതായ വാർഡ് പ്രതിനിധികളുടെ സാക്ഷ്യപത്രങ്ങൾ പ്രകാരം സ്ഥാപിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത് ആകെ 549 (21 ട്യൂബ് ലൈറ്റ്,537 LED) ഉപകരണങ്ങളാണ്. എന്നാൽ കരാറുകാരൻ പഞ്ചായത്തിലെ തെരുവിളക്ക് അറ്റകുറ്റ പണി പൂർത്തിയാക്കിയെന്നും 30ട്യൂബ് ലൈറ്റുകൾക്ക് 100/-വീതം 3,000/-രൂപയും. 500 LED -യ്ക്ക് 100/- വീതം 50,000/-രൂപയും ഉൾപ്പടെ 53,000/-രൂപ നൽകണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകുകയും പ്രസ്തുത തുക ടിയാന് നൽകുകയും ചെയ്തു.എന്നാൽ പദ്ധതിപ്രകാരം ലഭിച്ച 1200 LEDബൾബുകളിൽ 500 എണ്ണം സ്ഥാപിച്ച ശേഷം ബാക്കിയായി കാണേണ്ട **700**-ന്റെയും, 100ട്യൂബ് ലൈറ്റുകളിൽ 30 എണ്ണം സ്ഥാപിച്ചശോഷം ബാക്കിയായി കാണേണ്ട **70**-ന്റെയും ഭൗതിക സ്റ്റോക്ക് ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടില്ല. ബാക്കിയായി സ്റ്റോക്കിൽ കാണേണ്ട ഉപകരണങ്ങളുടെ വിവരം, വില എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | വില- ഒന്നിന് (നികുതി ഉൾപ്പടെ) | വിതരണത്തിന് ശേഷം ഭൗതിക സ്റ്റോക്കിൽ കാണപ്പെടേണ്ട ഉപകരണങ്ങളുടെ എണ്ണം | സ്റ്റോക്കിൽ കാണപ്പെടേണ്ട ഉപകരണ ങ്ങളുടെ വില. |
|---|---|---|---|---|
| 1 | 9 W LED BULB OSRAM | 74 | 700 | 51000/- |
| 2 | HOLDER | 13 | 700 | 9100/- |
| 3 | Alu Shade | 25 | 700 | 17500/- |
| 4 | 36 W Tube Light Havels | 34 | 70 | 2380/- |
| 5 | Copper Choke | 80 | 20 | 1600/- |
| | | | **ആകെ** | **81580/-** |

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം, കരാറുകരൻ പദ്ധതിപ്രകാരം ലഭിച്ച മുഴുവൻ ഉപകരണങ്ങളും കൈപ്പറ്റിയെന്ന് ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കൂലിയായി ആവശ്യപ്പെട്ടത് 500 ബൽബുകൾ സ്ഥാപിച്ചതിന് 100/-രൂപ വീതം 50,000/-രൂപയും 30 ട്യൂബ് ലൈറ്റുകൾ സ്ഥാപിച്ചതിന് 3,000/-രൂപയും ഉൾപ്പടെ 53,000/-രൂപ മാത്രമാണ്. ആയതിനാൽ ബാക്കിയായി കാണപ്പെടേണ്ട ഉപകരണങ്ങൾ കരാറുകാരൻ പഞ്ചായത്തിലെ പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടില്ലായെന്ന് ബോധ്യമാകുന്നു. കൂടാതെ പ്രസ്തുത പദ്ധതി പ്രകാരവും വാങ്ങിയ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയത് ചെക്ക് മെഷർ ചെയ്തതിന്റെ എം.ബുക്ക്, സൂപ്പർവിഷൻചാർജ് അടവാക്കിയതിന്റെ രേഖ എന്നിവയും ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.ബാക്കിയായി കാണപ്പെടേണ്ട ഉപകരണങ്ങൾ തൊട്ടുമുകളിലെ ടേബിൽ പ്രകാരമാണ്.ബാക്കിയായവ കരാറുകാരന്റെ കൈവശത്തിലാണെങ്കിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. കരാറുകരന്റെ സാക്ഷ്യപത്രപ്രകാരം സ്ഥാപിച്ചതിന് ശേഷം ബാക്കി സ്റ്റോക്കായി കാണേണ്ട ഉപകരണങ്ങളുടെ ഭൗതിക പരിശോധനയ്ക്ക് അന്വേഷണകുറിപ്പ് 19/21-ആയി ആവശ്യപ്പെട്ടുവെങ്കിലും ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചില്ല. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ പദ്ധതി പ്രകാരം ലഭിച്ച മുഴുവൻ ഉപകരണങ്ങളിൽ കരാറുകാരൻ സ്ഥാപിച്ചതിന് ശേഷം സ്റ്റോക്കായി അവശേഷിക്കപ്പെടേണ്ട ഉപകരണങ്ങൾ ഭൗതിക പരിശോധനയ്ക്ക് വിധേയമാക്കാത്തതിനാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ കൈവശത്തിൽഅവശേഷിക്കേണ്ട ഉപകരണങ്ങളുടെ വിലയായ **81,580/-**രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 2 മാസത്തിനകം മേൽ ടേബിളിൽ വിവരിക്കുന്ന ഉപകരണങ്ങളുടെ ഭൗതിക സ്റ്റോക്ക് ഓഡിറ്റ് പരിശോധനയക്ക് വിധേയമാക്കാത്തപക്ഷം **81,580/-**രൂപ നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയായി മാറുന്നതാണ്.

**C. <u>സൗജന്യമായി ലഭിച്ച 430 L.E.Dബൽബുകൾ സ്ഥാപിച്ചിട്ടില്ല.</u>**

2019-20 വർഷത്തിൽ പുല്ല് വിള ലിയോ 13th സ്കൂളിലെ വിദ്യാർത്ഥികൾ **"നല്ല പാഠം "പദ്ധതിപ്രകാരം 430 12w LED ബൽബുകൾ** നൽകിയതായും ആയത് 9-01-2020-ൽ സ്റ്റോക്ക് രജിസ്റ്ററിൽ (പേജ് -9)രേഖപ്പെടുത്തി സ്റ്റോക്കിൽ എടുത്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം ലഭിച്ച 430 LED ബൽബുകൾ വിതരണം ചെയ്യതിട്ടില്ലായെന്ന് പരിശോധനയിൽ കണ്ടെത്തി. ഇപ്രകാരം ലഭിച്ച 430 LED ബൽബുകൾ ഭൗതിക പരിശോധനയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുവാൻ അന്വേഷണകുറിപ്പ് 19/21-പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ഗ്രാമപഞ്ചായത്ത് ഭൗതിക പരിശോധനയ്ക്ക് അവസരം ഒരുക്കിയില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ബൽബുകൾ സ്വീകരിച്ചുവെങ്കിലും ആയത് ഗ്രാമപഞ്ചായത്തിലെ

പൊതുജനങ്ങളുടെ ആവശ്യത്തിനായി പോസ്റ്റുകളിൽ സ്ഥാപിക്കാനായി വിതരണം ചെയ്യതിട്ടില്ലാത്തതിനാൽ 430 LED ബൽബുകളുടെ നിലവിലെ അവസ്ഥ എന്താണെന്ന് കണ്ടെത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. **153/2020 നമ്പർ തെരുവ് വിളക്ക് റിപ്പെയർ** എന്ന പദ്ധതി പ്രകാരം ടെണ്ടർ കൂടാതെ വാങ്ങാൻ അനുവദിച്ച യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനം 12 W LEDബൽബ് ഒന്നിന് നികുതി ഉൾപ്പടെ 164/- രൂപയ്ക്ക് ഗ്രാമപഞ്ചായത്തിന് നൽകിയ അതെ വില കണക്കാക്കിയാൽ **70520/-രൂപ**യുടെ LED ബൽബുകളാണ് സ്കൂളിൽ നിന്നും പഞ്ചായത്തിന് ലഭിച്ചതെന്ന് വ്യക്തമാകുന്നു. സ്കൂൾ വിദ്യാർത്ഥികൾ ഭാവിയിലെ ഊർജ്ജ സംരക്ഷണം മുൻനിർത്തി ഗ്രാമപഞ്ചായത്തിന് നൽകിയ L.E.D ബൽബുകൾ സ്ഥാപിച്ച് ഉപയോഗപ്രദമാക്കാൻ ഗ്രാമപഞ്ചായത്ത് നടപടി സ്ഥീകരിക്കാത്തത് അംഗീകരിക്കാവുന്നതല്ല.ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 2 മാസത്തിനകം 430 LED ബൽബുകൾ സ്ഥാപിച്ചതായ രേഖ ഓഡിറ്റിന് ലഭ്യമാക്കുകയോ, സ്ഥാപിച്ചിട്ടില്ലായെങ്കിൽ ആയതിന്റെ ഭൗതിക സ്റ്റോക്ക് ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്. പ്രസ്തുത വിഷയം ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും ജനറൽ കമ്മിറ്റിയും അടിയന്തിര ശ്രദ്ധ നൽകേണ്ടതാണ്.

**D. <u>തെരുവ് വിളക്ക് പരിപാലനത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.</u>**

തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് സർക്കുലർ നം.3055/ഡി.എ3/ 2011/ത.സ്വ.ഭ.വ. തീ.15.09.11 -യായി വിവിധ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ അത്തരത്തിലുള്ള നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. മേൽ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ ചുവടെ വിവരിക്കുന്ന അപാകങ്ങൾ സംഭവിച്ചു.

(എ)തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തേണ്ടതുമാണെന്നാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/ 2011/ത.സ്വ.ഭ.വ. തീ.15.09.11 ഖ.2 കുറിപ്പ് (ഇ) നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇപ്രകാരമുള്ള ഒരു പരാതി രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

(ബി) വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിലാണ് തുക നല്കുന്നത്. വിവിധ വാർഡുകളിലായി സ്ഥാപിക്കേണ്ട തെരുവ് വിളക്കുകളുടെ വിവരങ്ങൾ വിവരിക്കുന്ന വാർഡ് മെമ്പർമാരുടെ ആവശ്യകതാ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.കരാറുകാരൻ ഇത്ര ലൈറ്റുകൾമാറ്റി പുതിയവ സ്ഥാപിച്ചുവെന്ന് സാക്ഷ്യപത്രം നൽകിയതല്ലാതെ ആയത് പരിശോധിക്കുന്നതിനാവശ്യമായ ഗ്രമാപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

(സി)സ്റ്റോക്ക് രജിസ്റ്ററിൽ മുൻ വർഷങ്ങളിൽ വാങ്ങിയ ഉപകരണങ്ങളുടെയും,ബാക്കിയുള്ളവയുടെ വിവരങ്ങൾ രേഖപ്പെടുത്തി സ്ഥാപനതലവൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(ഡി) കരാറുകാരൻ വാറന്റി കാലാവധി കഴിയുന്നതിന് മുമ്പ് കേടാകുന്ന തെരുവുവിളക്കുകൾ പഞ്ചായത്തിൽ തിരികെയേല്പിക്കുന്നതിന്റെയും അവ റീപ്ലേസ് ചെയ്തു കിട്ടുന്നതിന് നടപടികൾ പഞ്ചായത്തിൽ സ്വീകരിക്കുന്നതിന്റെയും രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

(ഇ) തെരുവ് വിളക്കുകളുടെ മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

(എഫ്) തെരുവ് വിളക്ക് പരിപാലനത്തിനായി വാർഡ് തല മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടില്ല. പദ്ധതി പ്രകാരം കേടായ ലൈറ്റുകൾ മാറ്റി സ്ഥാപിച്ചതായ വൈദ്യുത ബോർഡിറ്റിന്റെയോ, നിർവഹണോദ്ധ്യോഗസ്ഥന്റെയോ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

(ജി) 15-9-11 ലെ 3055/DA3-2011 ത സ്വ ഭ വ സർക്കുലർ പ്രകാരം കരാറുകാരൻ 10% സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കേണ്ടതുണ്ട്. എന്നാൽ ആയതിന്റെ രേഖ ഓഡിറ്റിന്

ഹാജരാക്കിയിട്ടില്ല.

ആവർത്തനച്ചെലവായിട്ടും നാളിതുവരെ കൃത്യമായ കണക്കുകളോ, അനുബന്ധരേഖകളോ ഇല്ലാതെ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയും കൃത്യമായ മേൽനോട്ടം ഇല്ലാതെയും പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പ്രവണത പദ്ധതിപ്പണത്തിന്റെ ദുരുപയോഗത്തിന് കാരണമാകുമെന്നതിനാൽ ഇക്കാര്യത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ പെട്ട തെരുവ് വിളക്ക് പരിപാലനം നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുവാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണി, തെരുവ് വിളക്ക് പരിപാലനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ എന്നീ പ്രോജക്ടുകൾ നിർവ്വഹിക്കുമ്പോൾ ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ കൂടി പാലിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1) പഞ്ചായത്തുകളുടെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ ആകെ എണ്ണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ), തരം എന്നിവ (വാർഡ് തിരിച്ച്) രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനും ലൈൻ എക്സ്റ്റൻഷൻ നടത്തുമ്പോൾ യു.സി. (കെ.എസ്.ഇ.ബി.യിൽ നിന്ന് യു.സി. വാങ്ങുമ്പോൾ നടപ്പാക്കിയ പ്രവർത്തികളുടെ വിശദാംശങ്ങൾ ഉൾപ്പെടെ-എത്ര മീറ്റർ ലൈൻ എക്സ്റ്റൻഷൻ നടത്തി, പുതുതായി എത്ര തെരുവ് വിളക്കുകൾ സ്ഥാപിച്ചു, പോസ്റ്റുകൾ സ്ഥാപിച്ചത് തുടങ്ങിയ-വാങ്ങേണ്ടതാണ്) കിട്ടുന്ന മുറയ്ക്ക് പ്രസ്തുത രജിസ്റ്റർ കാലികമാക്കുന്നതിനും ഉദ്യോഗസ്ഥ തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) മേൽ പ്രകാരം തയ്യാറാക്കിയ രജിസ്റ്ററിലെ കണക്കുകളുടെ അടിസ്ഥാനത്തിലാവണം വാർഷിക അറ്റകുറ്റപ്പണിക്ക് കരാർ ക്ഷണിക്കേണ്ടത്.

3) അറ്റകുറ്റപ്പണിക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങൽ പ്രക്രിയയും മേൽ പ്രകാരം തയ്യാറാക്കിയ രജിസ്റ്ററിലെ കണക്കുകളുടെ അടിസ്ഥാനത്തിലാവണം.

4) വാങ്ങിയ സാധനങ്ങൾ കൃത്യമായി സ്റ്റോക്കിൽ എടുക്കേണ്ടതും പരാതി രജിസ്റ്ററിലെ ആവശ്യകതയുടെ അടിസ്ഥാനത്തിൽ സാധനങ്ങൾ വാർഡ് മെമ്പർമാർ കൈപ്പറ്റി കരാറുകാരന് നല്കേണ്ടതുമാണ്. സ്റ്റോക്കിലെ വിനിയോഗവിവരവും, കരാറുകാരൻ നല്കുന്ന പ്രവൃത്തിയുടെ കണക്കുകളും പൊരുത്തപ്പെടുത്തി വേണം കരാർ അനുസരിച്ചുള്ള തുക നല്കൽ.

5) വിനിയോഗിക്കാതെ ശേഷിക്കുന്ന ഇലക്ട്രിക്ക് സാധനങ്ങളുടെ മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതും, തുടർ വർഷത്തിലെ വാങ്ങൽ പ്രക്രിയ ഇതനുസരിച്ച് പരിമിതപ്പെടുത്താനും കഴിയുംവിധം ആകണം സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കേണ്ടത്.

6) പദ്ധതി മോണിറ്ററിങ്ങ് ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് നടത്തി റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

മേൽ രജിസ്റ്ററുകളുടെ പരിപാലനം അനിവാര്യമാണ്. സ്റ്റാന്റിങ്ങ് കമ്മറ്റി (വികസനം), വർക്കിങ്ങ് ഗ്രൂപ്പ് എന്നിവരുടെ ക്രിയാത്മകമായ നിർദ്ദേശങ്ങളും, വിലയിരുത്തലും പദ്ധതി നടത്തിപ്പിൽ അനിവാര്യമാണ്.

**E. <u>ടി.ഡി.എസ്., റീട്ടൻഷൻ തുകകൾ ഈടാക്കിയില്ല.</u>**

Notification No. 50/2018 – Central Tax തീയതി 13.10.2018 പ്രകാരം 2.5ലക്ഷത്തിലധികമുള്ള വാങ്ങലുകൾക്ക് സാധനങ്ങളുടെ മൂല്യത്തിന്റെ 2% ടി.ഡി.എസ്. (1%CGST+1%SGST) ആയി ഈടാക്കേണ്ടതുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ 153/20പദ്ധതി പ്രകാരം ആകെ300888/- രൂപ മൂല്യമുള്ള ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. 2% ടി.ഡി.എസ്. ഇനത്തിൽ മേൽ പദ്ധതി പ്രകാരം ആകെ 6018/- രൂപ ദാതാവിൽ നിന്നും ഈടാക്കി ഒടുക്കേണ്ടിയിരുന്നു. എന്നാൽ

പഞ്ചായത്ത്പദ്ധതി പ്രകാരമുള്ള വാങ്ങലിന് ടി.ഡി.എസ്. ഈടാക്കിയതിന്റെയോ, 10%റീട്ടൻഷൻ തുക സൂക്ഷിച്ചിട്ടുള്ളതിന്റെയോ രേഖയോ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

തെരുവ് വിളക്ക് പരിപാലനം പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയായതിനാൽ പദ്ധതികൾ ആവശ്യാനുസരണം നടപ്പിലാക്കാനും ആയത് പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാകുന്നുവെന്ന് ഉറപ്പുവരുത്തി, മേൽ വിവരിച്ച അപാകങ്ങൾ പരിഹരിക്കാൻ സാധ്യമായ സത്വര നടപടികൾ സ്ഥീകരിക്കുവാനും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും ജനറൽ കമ്മിറ്റിയും ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുന്നിരിപ്പ് | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | 369870 | 410500 | ക്ഷീര വർദ്ധിനി | 100000 | |
| ആകെ | | 369870 | 410500 | | 100000 | 680370 |
| ജില്ലാ പഞ്ചായത്ത് | | 21248 | 345300 | ഹരിതഭവനം | 49000 | |
| | | | | ലക്ഷം വീട് കോളനി- | 30000 | |
| | | | | സ്നേഹസ്പർശം | 310500 | |
| | | | | ആശ്രയ -മറ്റ് സേവന | 726672 | |
| ആകെ | | 21248 | 345300 | | * | 26048 |

*സുലേഖ പ്രകാരമുള്ള വരവ് ചെലവ് തുകകളും എ.എഫ്.എസ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അവ പൊരുത്തപ്പെടുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

**നിക്ഷേപ പ്രവൃത്തികൾക്ക് 2019-20സാമ്പത്തിക വർഷം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു**

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | തിരികെ ലഭിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യു.എ | സി.എച്ച്.സി സബ്സെന്ററിന് വാട്ടർ സപ്ലൈ സൗകര്യം ഏർപ്പെടുത്തൽ | 55200 | 0 | 0 | 55200 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ & പോസ്റ്റ് ഷിഫ്റ്റിംഗ് | 1682341 | 0 | 0 | 1682341 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

**2019-20 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.**

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നം/തീയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | | | 2423943 | | | * |

*** Source Deduction ആയി ലൈഫ് ഭവനപദ്ധതിയിൽ(ജനറൽ, എസ്.സി.പി) തിരിച്ചടച്ച (227941, 22059) 250000/- രൂപ വാർഷിക ധനകാര്യപത്രികയിലും, ലഭ്യമാക്കിയ വായ്പരജിസ്റ്ററിലും ഉൾപ്പെടുത്തിയിട്ടില്ല. വായ്പ രജിസ്റ്റർ കാലികമാക്കാത്തതിനാൽ തൻവർഷം വായ്പായിനത്തിൽ ലഭ്യമായ തുക, തിരിച്ചടച്ച തുക എന്നിവയുടെ വിശദാംശങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.**

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| ബാങ്കിന്റെ പേര് | നിക്ഷേപ തീയതി | നിക്ഷേപ തുക | നിക്ഷേപ കാലാവധി പൂർത്തീയാക്കുന്ന തീയതി |
|---|---|---|---|
| ഇന്ത്യൻ ബാങ്ക് , കരുംകുളം | 26.09.2018 | 5000000 | 13.02.2022* |

*** 28.12.2020-ൽ പുതുക്കി**

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമനം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയതുക | തുക ഒടുക്കിയാളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 20522692.70 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 98416743.70 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 74785753.00 |
| നീക്കിയിരിപ്പ് | : | 23630990.70 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2479388.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 20,96,920/- | ശ്രീ. സന്തോഷ് കുമാർ. പി.ബി, സെക്രട്ടറി |
| 1-33-A,B | 3,00,888/-<br>81,580/- | ശ്രീ. സന്തോഷ് കുമാർ. പി.ബി, സെക്രട്ടറി |
| ആകെ | 39,07,339/- | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| **പേരും ഉദ്യോഗപ്പേരും** | **ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം** | **സ്ഥിരം മേൽവിലാസം** |
|---|---|---|
| ശ്രീ. സന്തോഷ് കുമാർ പി.ബി, | സെക്രട്ടറി | TC-64/1869 (2) സൗപർണ്ണിക, പുഴയോരം ലെയിൻ, തിരുവല്ലം പി.ഒ, തിരുവനന്തപുരം, പിൻ. 695027 |

## <u>4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3 /1413/2018 തീയതി 25.06.2018 | 3 | |
| 2002-03 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3 /1413/2018 തീയതി 25.06.2018 | 2 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3 /1413/2018 തീയതി 25.06.2018 | 3 | |

| | | | |
|---|---|---|---|
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3 /1413/2018 തീയതി 25.06.2018 | 1 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3 /1413/2018 തീയതി 25.06.2018 | 7 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3 /1290/2018 തീയതി.25.6.2018 | 10 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3 /1259/2016 തീയതി.20.07.2016 | 25 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3 /2071/2016 തീയതി.03.12.2016 | 7 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3 /2051/2017 തീയതി.23.10.2017 | 13 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3 /346/2019 തീയതി 24.04.2019 | 13 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3 /464/2020 തീയതി 14.05.2020 | 41 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്